2024 NOVEMBER
26
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഗഗൻയാൻ (ജി1 മിഷൻ)

# ആളില്ലാ പേടകത്തിന്റെ വിക്ഷേപണം മാർച്ചിൽ

**ബെംഗളൂരു:** ഭാരതത്തിന്റെ ബഹിരാകാശ ദൗത്യമായ ഗഗൻയാന്റെ ഭാഗമായി ആളില്ലാ പേടകം അടുത്ത വർഷം മാർച്ചോടെ വിക്ഷേപിക്കും. ജി1 മിഷൻ എന്നാണ് ദൗത്യത്തിന് നല്കിയിരിക്കുന്ന പേര്. ശ്രീഹരിക്കോട്ടയിൽ നിന്നാണ് പേടകത്തിന്റെ വിക്ഷേപണം.

ദൗത്യത്തിന്റെ മുഴുവൻ സമയ നിരീക്ഷണത്തിനായി പസഫിക്ക്, അറ്റ്ലാന്റിക്ക് സമുദ്രങ്ങളിൽ ഐഎസ്ആർഒ ശാസ്ത്രജ്ഞൻമാരെ വിന്യസിക്കും. പ്രത്യേക കപ്പലുകളിലായിരിക്കും നിരീക്ഷണ കേന്ദ്രങ്ങൾ ഒരുക്കുക. 2025 മാർച്ച് ഒന്നിനും 2025 ആഗസ്ത് 31നും ഇടയിൽ ഗഗൻയാന്റെ ആളില്ലാ പേടകത്തിന്റെ വിക്ഷേപണം ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നു.

അത്യാഹിത ഘട്ടങ്ങളിൽ ബഹിരാകാശയാത്രികരെ രക്ഷിക്കാൻ ഉപയോഗിക്കാവുന്ന ക്രൂ എസ്കേപ്പ് സിസ്റ്റം പരീക്ഷിക്കാനാണ് ആദ്യത്തെ ദൗത്യത്തിലൂടെ ഐഎസ്ആർഒ ലക്ഷ്യമിടുന്നത്. ഇതിന്റെ വിജയം ഗഗൻയാന്റെ ആളില്ലാ ദൗത്യത്തിന്റെ വേഗത കൂട്ടും.




കഴിഞ്ഞ ദിവസം ഐഎസ്ആർഒയും ഓസ്ട്രേലിയൻ സ്പേസ് ഏജൻസിയുമായി (എഎസ്എ) നിർണായക കരാറിൽ ഒപ്പുവച്ചിരുന്നു. ഗഗൻയാൻ ദൗത്യത്തിന് ശേഷം ബഹിരാകാശ സഞ്ചാരികളെ ഇറക്കുന്നത് ഇന്ത്യൻ മഹാസമുദ്രത്തിലായിരിക്കും. ഈ ദൗത്യം പൂർത്തിയാക്കാനാണ് എഎസ്എയുടെ സഹായം തേടിയത്. ലോ എർത്ത് ഓർബിറ്റിലേക്ക് ഭാരതം ആദ്യമായി സ്വന്തം പേടകത്തിൽ മനുഷ്യനെ അയക്കുന്ന പദ്ധതിയാണ് ഗഗൻയാൻ. ബഹിരാകാശത്തേക്ക് മൂന്ന് ക്രൂ അംഗങ്ങളെയാവും ഗഗൻയാൻ പേടകത്തിൽ അയക്കുക. ഇതിന്റെ വിക്ഷേപണം 2026ൽ ഉണ്ടാകും. ബഹിരാകആശ സഞ്ചാരികളെ ഭൂമിയിൽ നിന്ന് 400 കിലോമീറ്റർ ഉയരെയുള്ള ഭ്രമണപഥത്തിൽ എത്തിച്ച ശേഷം സുരക്ഷിതമായി തിരിച്ചെത്തിക്കുകയാണ് ഗഗൻയാൻ ദൗത്യത്തിന്റെ പ്രാഥമിക ലക്ഷ്യം.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇനി എഐ റിസപ്ഷനിസ്റ്റ്

**തിരുവനന്തപുരം:** നിർമിത ബുദ്ധിയുടെ സാങ്കേതികത പ്രവർത്തന വിപുലീകരണത്തിന് ഉപയോഗിക്കുന്ന ആദ്യത്തെ ക്ഷേമനിധി ബോർഡായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മാറിയിരിക്കുകയാണെന്ന് തൊഴിൽമന്ത്രി വി. ശിവൻകുട്ടി. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിൻറെയും എഐ റിസപ്ഷനിസ്റ്റിൻറെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. എഐ റിസപ്ഷനിസ്റ്റ് കൂടി എത്തുന്നതോടെ ബോർഡ് പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കാനാകും. കെൽട്രോൺ സഹായത്തോടെ ഏർപ്പെടുത്തുന്ന ആർട്ടിഫിഷ്യൽ ഇൻറലിജൻസ് റിസപ്ഷൻ പ്ലാറ്റ് ഫോം 'കെല്ലി' നിലവിൽ വരുന്നതോടെ ഓഫിസിൽ എത്തുന്ന ഒരാൾക്ക് കിയോസ്കിലൂടെ ബോർഡ് നൽകുന്ന സേവനങ്ങളെക്കുറിച്ചു സ്വയം ചോദിച്ചു കാര്യങ്ങൾ മനസിലാക്കാം. ഇത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൽ തൊഴിൽ വകുപ്പ് ജാഗ്രത പുലർത്തുന്നതിൻറെ മറ്റൊരു ഉദാഹരണമാണെന്നും മന്ത്രി പറഞ്ഞു.

കേരള മോട്ടോർ തൊഴിലാളി ബോർഡ് പ്രവർത്തനങ്ങൾ പഠിക്കാൻ അസം, ഹരിയാന, അരുണാചൽ പ്രദേശ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കേരളത്തിലെത്തുകയും സമാനമായ പദ്ധതികൾ അവിടെ തുടങ്ങാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു.

ഇത് കേരള സർക്കാരിൻറെ തൊഴിൽ നയങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമാണ്. ഉടമകൾക്കും തൊഴിലാളികൾക്കും അംശാദായം അടയ്ക്കാനും വിശദാംശങ്ങൾ അറിയാനും ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കാനുമായി എറണാകുളം ജില്ലാ ഓഫിസിൽ തുടങ്ങിയ പുതിയ കിയോസ്ക് സംവിധാനം എല്ലാ ജില്ലാ ഓഫിസുകളിലും ഏർപ്പെടുത്തും. ക്ഷേമനിധി ബോർഡ് അംശാദായം അടക്കാൻ സാധിക്കാതെ മുടക്കം വന്നുപോയ തൊഴിലാളികൾക്ക് തുക ഒടുക്കുന്നതിന് ഒരവസരം കൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുടിശിക വരുത്തിയവർക്ക് ഡിസംബർ 31 വരെ കുടിശിക ഒടുക്കാം.

ഉടമകൾക്കും തൊഴിലാളികൾക്കും അംശാദായം അടയ് ക്കുന്നതിനും വിശദാംശങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുമായി ഏർപ്പെടുത്തിയ പുതിയ കിയോസ്ക് സംവിധാനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ നിർവഹിച്ചു.

## ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള തീയതി നീട്ടണമെന്ന് വ്യാപാരികൾ

**കൊച്ചി:** ജിഎസ്ടി നിയമപ്രകാരം 202324 സാമ്പത്തിക വർഷത്തെ ജിഎസ്ടി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിട്ടേണിലൂടെ സ്വീകരിക്കാനും, അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാനുമുള്ള അവസാന തീയതി നവംബർ 30 ൽ നിന്ന് 2025 മാർച്ച് 31 വരെ നീട്ടണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറും കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സെക്രട്ടറിയുമായ എസ്.എസ്. മനോജ് ആവശ്യപ്പെട്ടു.

ജിഎസ്ടി വെബ്സൈറ്റിലെ അടിക്കടിയുള്ള തിരുത്തലുകൾ മൂലം വ്യാപാരികൾക്ക് കൃത്യതയോടെ ഫയൽ ചെയ്യുവാൻ കഴിയാറില്ല. ഈ ബുദ്ധിമുട്ട് മൂലം നിരവധി വ്യാപാരികൾക്ക് ഇതുവരെ റിട്ടേണുകൾ ഫയൽ ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു. തീയതി നീട്ടാതെ വന്നാൽ നിരവധി വ്യാപാരികൾക്ക് അർഹതപ്പെട്ട ഇൻപുട്ട് ക്രെഡിറ്റ് ടാക്സ് തിരികെ ലഭിക്കാത്ത അവസ്ഥയുണ്ടാകും.സാധാരണ വ്യാപാരികളുടെ പ്രശ്നങ്ങൾ കൃത്യമായി മനസിലാക്കാതെയാണ് ജിഎസ്ടി കൗൺസിലിൽ തീരുമാനങ്ങൾ ഉണ്ടാകുന്നതെന്നും മനോജ് കുറ്റപ്പെടുത്തി. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ജനറൽ സെക്രട്ടറി എം. നസീർ, ട്രഷറർ കെ.എം. നാസറുദ്ദീൻ, കെ.പി. ശ്രീധരൻ, പ്രസാദ് ജോൺ മാമ്പ്ര, ടി.എൻ. മുരളി എന്നിവർ സംസാരിച്ചു.



## നവംബർ 26 ദേശീയ വിര വിമുക്ത ദിനം

# വിരബാധ കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും, ശ്രദ്ധിക്കുക: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വിരബാധ കുട്ടികളുടെ വളർച്ചയേയും പൊതുവേയുള്ള ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായതിനാൽ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികളിൽ വിളർച്ചയ്ക്കും പോഷകക്കുറവിനും ഇത് കാരണമാകുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 1 മുതൽ 14 വയസ് വരെയുള്ള 64% കുട്ടികളിൽ വിരബാധയുണ്ടാകുവാൻ സാധ്യതയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശക്തമായ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. ഒരു വർഷത്തിൽ 6 മാസത്തെ ഇടവേളകളിലായി രണ്ടു പ്രാവശ്യം വിര നശീകരണത്തിനുള്ള ഗുളിക നൽകേണ്ടതാണ്. സ്കൂളുകളും അംഗണവാടികളും വഴി കുട്ടികൾക്ക് വിര നശീകരണത്തിനായി ആൽബൻഡസോൾ ഗുളിക നൽകിവരുന്നു. എല്ലാ കുട്ടികളും വിര നശീകരണത്തിനുള്ള ഗുളിക കഴിച്ചുവെന്ന് മാതാപിതാക്കൾ ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. നവംബർ 26നാണ് ഈ വർഷം വിര വിമുക്ത ദിനമായി ആചരിക്കുന്നത്. അന്നേദിവസം വിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികൾക്ക് അവിടെനിന്നും വിദ്യാലയങ്ങളിൽ എത്താത്ത 1 മുതൽ 19 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടികളിൽ നിന്നും ഗുളിക നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ നവംബർ 26ന് ഗുളിക കഴിക്കുവാൻ സാധിക്കാതെ പോയ കുട്ടികൾക്ക് ഡിസംബർ 3ന് ഗുളിക നൽകുന്നതാണ്. ഈ കാലയളവിൽ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന ഈ പ്രായത്തിലുള്ള കുട്ടികൾ ഗുളിക കഴിച്ചിട്ടില്ലെങ്കിൽ അവർക്ക് ഗുളിക നൽകേണ്ടതാണ്.

ഒന്ന് മുതൽ 2 വയസുവരെ അര ഗുളികയും (200 മില്ലിഗ്രാം), 2 മുതൽ 19 വയസുവരെ ഒരു ഗുളികയും (400 മില്ലിഗ്രാം) നൽകണം. ചെറിയ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളത്തിൽ ഗുളിക അലിയിച്ചു കൊടുക്കണം. മുതിർന്ന കുട്ടികൾ ഉച്ചഭക്ഷണത്തിന് ശേഷം ഗുളിക ചവച്ചരച്ച് കഴിക്കണം. അതോടൊപ്പം തിളപ്പിച്ചാറിയ വെള്ളം കുടിക്കുകയും വേണം. അസുഖമുള്ള കുട്ടികൾക്ക് ഗുളിക നൽകേണ്ടതില്ല. അസുഖം മാറിയതിനു ശേഷം ഗുളിക നൽകാവുന്നതാണ്. ഗുളിക കഴിച്ചതിനു ശേഷം സാധാരണയായി ബുദ്ധിമുട്ടുകൾ ഉണ്ടാകാറില്ല. എന്നാൽ വിരബാധ കൂടുതലുള്ള കുട്ടികളിൽ ഗുളിക കഴിക്കുമ്പോൾ അപൂർവമായി വയറുവേദന, ഛർദ്ദി, ചൊറിച്ചിൽ, ശരീരത്തിൽ തടിപ്പുകൾ തുടങ്ങിയവ ഉണ്ടായേക്കാം.

വിരബാധ എല്ലാ പ്രായക്കാരെയും ബാധിക്കുമെങ്കിലും സാധാരണയായി കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. മണ്ണിൽ കളിക്കുകയും പാദരക്ഷകൾ ഉപയോഗിക്കാതിരിക്കുകയും ചെയ്താൽ വിരബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ശരീരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ ഭക്ഷണത്തിലെ പോഷക ഘടകങ്ങൾ വിരകൾ വലിച്ചെടുക്കുമ്പോൾ ശരീരത്തിൽ പോഷണക്കുറവ് അനുഭവപ്പെടുകയും അത് വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. സാധാരണ കുടലിലാണ് വിരകൾ കാണപ്പെടുന്നത്. ഉരുളൻ വിര (റൗണ്ട് വേം), കൊക്കൊപ്പുഴു (ഹുക്ക് വേം), കൃമി (പിൻ വേം), നാട വിര (ടേപ്പ് വേം) ചാട്ട വിര (വിപ്പ് വേം) എന്നിവയാണ് സാധാരണ കാണുന്ന വിരകൾ.

വിരബാധയുള്ള ആളുകളിൽ ഉത്സാഹക്കുറവ്, ക്ഷീണം, വിളർച്ച, വയറുവേദന, തലകറക്കം, ഛർദ്ദി, പോഷകക്കുറവ്, വിശപ്പില്ലായ്മ, ഭാരക്കുറവ്, ശ്രദ്ധക്കുറവ്, വയറിളക്കം മുതലായവ ഉണ്ടാകാം. കുട്ടികളിൽ വിരകളുടെ തോത് വളരെ കൂടുതലാണെങ്കിൽ കുടലിന്റെ പ്രവർത്തനം തടസപ്പെടാനും ശരിയായ ചികിത്സ യഥാസമയം ലഭ്യമായില്ലെങ്കിൽ സങ്കീർണമാകാനും സാധ്യതയുണ്ട്.ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, വനിതാ ശിശു വികസനം, പട്ടികവർഗ വികസനം തുടങ്ങിയ വകുപ്പുകൾ, ജനപ്രതിനിധികൾ എന്നിവരുമായി സംയോജിച്ചാണ് ജില്ലകളിൽ പരിപാടി നടപ്പിലാക്കുന്നത്.

# ഉപമന്യു ചാറ്റർജിയുടെ ലൊറൻസോ സെർച്ചസ് ഫോർ ദി മീനിങ്ങ് ഓഫ് ലൈഫ് ജെ സി ബി സാഹിത്യ പുരസ്കാരം നേടി

**കൊച്ചി:** സ്പീക്കിങ്ങ് ടൈഗർ ബുക്സ് പുറത്തിറക്കിയ ഉപമന്യു ചാറ്റർജിയുടെ ലൊറൻസോ സെർച്ചസ് ഫോർ ദി മീനിങ്ങ് ഓഫ് ലൈഫ് എന്ന നോവൽ 2024ലെ ജെസിബി സാഹിത്യ പുരസ്കാരത്തിന് അർഹമായി. 25 ലക്ഷം രൂപയാണ് പുരസ്കാര തുക. ബല്ലഭ്ഗഡിലെ ജെസിബി ഇന്ത്യ ഓഫീസിൽ നടന്ന ചടങ്ങിൽ പുരസ്കാരം നൽകി. ഡൽഹിയിലെ കലാകാരന്മാരായ തുക്ക്റാലും ടഗ്രയും ചേർന്ന് രൂപം നൽകിയ ജെസിബി ട്രോഫി ഈ ചടങ്ങിൽ ഉപമന്യു ചാറ്റർജിക്ക് നൽകി.

ജെസിബി ചെയർമാൻ ലോർഡ് ബാംഫോർഡിന് വേണ്ടി ജെസിബി ഇന്ത്യയുടെ സിഇഒയും എംഡിയുമായ ദീപക് ഷെട്ടിയാണ് പുരസ്കാരം സമ്മാനിച്ചത്. 'ഇന്ത്യൻ സാഹിത്യത്തിന്റെ ഇന്ത്യത്വം ആഘോഷിക്കുന്നതിനായി ലോർഡ് ബാംഫോർഡ് ആശയാവിഷ്കാരം നൽകിയതാണ് സാഹിത്യത്തിനുള്ള ജെസിബി പുരസ്കാരം. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഏറ്റവും മികച്ച വിശാല വീക്ഷണമുള്ള വൈവിധ്യമാർന്ന കൃതികളാണ് ഈ പുരസ്കാരത്തിന് അർഹമായിട്ടുള്ളത്. ഈ വർഷവും വ്യത്യസ്തമല്ല. ലൊറൻസോ സെർച്ചസ് ഫോർ ദി മീനിങ്ങ് ഓഫ് ലൈഫിന് ഈ പുര



സ്കാരം നേടിയ ഉപമന്യു ചാറ്റർജിയെ ജെസിബി കുടുംബത്തിന്റെ പേരിൽ ഞാൻ അഭിനന്ദിക്കുന്നു," ദീപക് ഷെട്ടി പറഞ്ഞു.

'സമകാലിക ഇന്ത്യൻ സാഹിത്യത്തിൽ പ്രാദേശിക ഭാഷകളിൽ വായനക്കാർക്കായി ഏറെ രചനകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഉന്നത നിലവാരമുള്ള മൊഴിമാറ്റത്തെ പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രസാധകർ ഏറെ നിർണ്ണായകമായ പങ്കാണ് വഹിച്ചു വരുന്നത്. സാഹിത്യ രചനയിലും ആസ്വാദനത്തിലും ഒരുപോലെ ഉയർന്നു വരുന്ന ഇന്ത്യയുടെ പുതിയ സമീപനം വരും കാലങ്ങളിൽ ഏറെ ആവേശമുണർത്തുന്ന വായനാ അനുഭവമാണ് വാഗ്ദാനം ചെയ്യുന്നത്," ഷെട്ടി കൂട്ടിച്ചേർത്തു.

ജൂറി അംഗമായ ജെറി പിന്റോയുടെ അഭിപ്രായത്തിൽ, 'ഉപമന്യു ചാറ്റർജിയുടെ ലോറൻസോ സെർച്ചസ് ഫോർ ദി മീനിങ്ങ് ഓഫ് ലൈഫ് ഒരു മനുഷ്യന്റെ ആത്മാവിന്റെ ആഴങ്ങളിലേക്കുള്ള യാത്രയാണ് നമുക്ക് ഒരുക്കി തരുന്നത്. തീർത്തും വ്യത്യസ്തമായ വിശ്വാസങ്ങളുടേയും യുക്തിയുടേയും മറ്റൊരു ഭൂമികയിലേക്ക് അത് നമ്മെ നയിക്കുന്നു. അഭിലാഷത്തിന്റേയും നേട്ടത്തിന്റേയും പേരിൽ ആവർത്തിച്ച് വായിക്കപ്പെടേണ്ട ഒരു പുസ്തകമാണ് ഇത്."

'അതിസൂക്ഷ്മ ഗവേഷണം വെളിവാക്കുന്ന ഈ കൃതിക്ക് അതിന്റെ ലോകത്തേക്ക് വലിച്ചടുപ്പിക്കാനുള്ള കഴിവുണ്ട്. ഒരു കുടിയേറ്റക്കാരന്റെ ജീവിതവും വിശ്വാസം തേടിയുള്ള യാത്രയും പ്രതിപാദിക്കുന്ന ഈ രചന വിവിധ ഭൂഖണ്ഡങ്ങളിൽ പാറി നടക്കുന്ന അനുയോജ്യമായ സമയത്തിന്റേയും കഥയാണ്. 'മുൻ കാലങ്ങളിലെ മഹാന്മാരായ എഴുത്തുകാരുടെ മഹത്തായ പുസ്തകങ്ങളുമായി സംവാദത്തിൽ ഏർപ്പെടുന്ന ഒരു പുസ്തകമാണിത്. എല്ലാം തികഞ്ഞ ഒരു നോവൽ. ആത്മീയത, വിശ്വാസം, ആത്മാവിന്റെ ഇരുണ്ട ലോകം രാത്രികൾ എന്നിങ്ങനെയുള്ള മഹത്തായ വിഷയങ്ങളെ ആഴത്തിൽ പ്രതിപാദിക്കുന്ന ഒരു രചന. തൃദീപ് സുഹൃദ് പറഞ്ഞു.

# വയനാട് ദുരന്തം: കേന്ദ്രസർക്കാർ പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് കേന്ദ്ര ധനമന്ത്രി

**ബത്തേരി:** വയനാട് ദുരന്തത്തിനുള്ള കേന്ദ്ര സർക്കാർ പാക്കേജ് സമയബന്ധിതമായി അംഗീകരിച്ച് നടപ്പിലാക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ കേരളത്തിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ വി തോമസിനെ പാർലമെന്റിൽ നടന്ന ചർച്ചയിൽ അറിയിച്ചു.

കേന്ദ്രസർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ സംഘം കഴിഞ്ഞ ഓഗസ്റ്റ് 8, 9, 10, തീയതികളിൽ വയനാട് സന്ദർശിക്കുകയും, കേരള ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുമായി ആശയവിനിമയം നടത്തിയതിനുശേഷം റിപ്പോർട്ട് ആഭ്യന്തരമന്ത്രി, ധനകാര്യ മന്ത്രി, കൃഷിമന്ത്രി എന്നിവരുടെ സബ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും നിർമല സീതരാമൻ അറിയിച്ചു.

അതോടൊപ്പം കേരള സർക്കാരിന്റെയും വിശദമായ റിപ്പോർട്ടുകൾ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് വയനാടിന് നൽകേണ്ട പ്രത്യേക കേന്ദ്ര സഹായം ഉടൻ പ്രഖ്യാപിക്കുമെന്ന് നിർമല സീതാരാമൻ തോമസിനെ അറിയിച്ചു. മാത്രമല്ല കേരളത്തിന് കൂടുതൽ കടമെടുക്കുന്നതിനുള്ള അനുവാദം, ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കേണ്ടതിന് നൽകേണ്ട കേന്ദ്ര സഹായം, വിഴിഞ്ഞം പ്രോജക്ടിന് നൽകേണ്ട കേന്ദ്ര സഹായം എന്നിവയെല്ലാം എത്രയും വേഗം ലഭ്യമാക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി.

പലവട്ടം മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ എന്നിവർ കേന്ദ്രമന്ത്രി നിർമലാ സീതാരാമനുമായി നടത്തിയിട്ടുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ തീരുമാനം എടുത്തിട്ടുള്ളത്.

# സൗജന്യ ഭക്ഷണം, മരുന്ന് ബാങ്കുകൾ; രോഗികൾക്കുള്ള സേവനങ്ങൾ വിപുലീകരിച്ച് ആർ.സി.സി

**തിരുവനന്തപുരം:** രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള സേവനങ്ങൾ വിപുലീകരിച്ച് റീജിയണൽ കാൻസർ സെന്റർ. സൗജന്യമായി ഭക്ഷണവും മരുന്നുകളും ലഭ്യമാക്കുന്ന സൗജന്യ ഡ്രഗ് ബാങ്ക്, ഫുഡ് ബാങ്ക് എന്നിവ പ്രവർത്തനം തുടങ്ങി. ആർസിസിയിൽ ചികിത്സ തേടുന്ന നിർധനരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്ന സൗജന്യ ഡ്രഗ് ബാങ്കിന്റെ വിപുലീകരിച്ച കൗണ്ടർ രോഗികൾക്കും കൂട്ടിരുപ്പുകാർക്കുമുള്ള വിശ്രമസങ്കേതവും അനുബന്ധസേവനങ്ങളും ലഭ്യമാക്കുന്ന പേഷ്യന്റ് വെൽഫയർ ആൻഡ് സർവീസ് ബ്ലോക്കിലാണ് പ്രവർത്തിക്കുന്നത്. കീമോതെറാപ്പി മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ഡിസ്പോസിബിൾസ്, സപ്പോർട്ടീവ് മരുന്നുകൾ എന്നിവ ഈ ഡ്രഗ് ബാങ്കിലൂടെ സൗജന്യമായി വിതരണം ചെയ്യും.

ആശുപത്രിയിൽ ചികിത്സ തേടുന്ന നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഭക്ഷണം നൽകുന്നതിന് സൗജന്യ ഫുഡ് ബാങ്കും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന എഫ് വിഭാഗത്തിലുള്ളവർക്ക് (ബിപിൽ കാർഡ് അംഗങ്ങൾ) നിലവിൽ ഭക്ഷണം സൗജന്യമാണ്. ഇതിന് പുറമേയാണ് ഒപിയിൽ എത്തുന്നവർക്കു കൂടി പ്രയോജനപ്പെടുത്താനാകും വിധം സൗജന്യ ഫുഡ് ബാങ്ക് പദ്ധതി ആരംഭിച്ചത്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഈ സേവനം പ്രയോജനപ്പെടുത്താം. ആർസിസിയിലെത്തുന്നവർക്ക് ഭക്ഷണം നൽകാനാഗ്രഹിക്കുന്നവർക്ക് ഇതിനുള്ള പണം സംഭാവനയായി നൽകാവുന്നതാണ്. ഇതിനു പുറമേ നിർധനരായ രോഗികൾക്ക് സൗജന്യ നിരക്കിൽ പരിശോധനകൾ നടത്തുന്നതിനും ചികിത്സ തേടുന്നതിനുമുള്ള പദ്ധതിയും പരിഗണനയിലാണ്. സംഭാവനകൾ ആർസിസിയിൽ നേരിട്ടോ ഓൺലൈനായോ അല്ലെങ്കിൽ ഡയറക്ടർ, ആർ.സി.സി തിരുവനന്തപുരം എന്ന പേരിൽ ചെക്ക്/ഡിഡി ആയോ നൽകാം.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലേക്ക് ഗ്രാജുവേറ്റ് ഇന്റേൺ, എക്സിക്യൂട്ടീവ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.
കാസർഗോഡ്, പാണ്ടിക്കാട്, ലക്കിടി, കുന്നംകുളം, പെരുമ്പാവൂർ, കുളക്കട, കഴക്കൂട്ടം എന്നിവിടങ്ങളിലായി എക്സിക്യൂട്ടീവ് തസ്തികയിലേക്ക് ഏഴും, കാസർഗോഡ്, ചാത്തന്നൂർ, കളമശ്ശേരി, വിഴിഞ്ഞം, എറണാകുളം എന്നിവിടങ്ങളിലായി ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിലേക്ക് അഞ്ചും ഒഴിവുകളാണുള്ളത്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://asapkerala.gov.in/careers/ എന്ന ലിങ്ക് സന്ദർശിക്കുക. ഡിസംബർ നാലിന് വൈകിട്ട് ആറിന് മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

# കരുതലും കൈത്താങ്ങും: താലൂക്ക്തല അദാലത്ത് ഡിസംബർ 19 മുതൽ 27 വരെ

**കൊച്ചി:** പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക് ആസ്ഥാനങ്ങളിൽ നടത്തുന്ന കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിന് ഡിസംബർ 19 ന് ജില്ലയിൽ തുടക്കം. അദാലത്തിന്റെ നടത്തിപ്പിന്റെയും സംഘാടനത്തിന്റെയും പൂർണ്ണ ചുമതല ജില്ലാ കളക്ടർക്കായിരിക്കും. ഡിസംബർ 19 ന് കണയന്നൂർ, 20 ന് പറവൂർ, 21 ന് ആലുവ, 23 ന് കുന്നത്തുനാട്, 24 ന് കൊച്ചി, 26 ന് മൂവാറ്റുപുഴ, 27 ന് കോതമംഗലം എന്നിങ്ങനെയാണ് ജില്ലയിൽ അദാലത്ത് നടക്കുക. മന്ത്രിമാരായ പി. രാജീവ്, പി. പ്രസാദ് എന്നിവർ അദാലത്തിന് നേതൃത്വം നൽകും.

പോക്ക് വരവ്, അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം, അതിർത്തി തർക്കങ്ങളും വഴി തടസ്സപ്പെടുത്തലും തുടങ്ങി ഭൂമി സംബന്ധമായ വിഷയങ്ങൾ, സർട്ടിഫിക്കറ്റുകൾ/ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം/നിരസിക്കൽ, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട കെട്ടിട നമ്പർ, നികുതി എന്നിവ, വയോജന സംരക്ഷണം, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ, ശാരീരിക/ബുദ്ധി/മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം, ധനസഹായം, ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾ, പരിസ്ഥിതി മലിനീകരണം/മാലിന്യ സംസ്കരണം, പൊതുജലസ്രോതസുകളുടെ സംരക്ഷണവും, കുടിവെള്ളവും, റേഷൻകാർഡ് (എപിഎൽ/ബിപിഎൽ)ചികിത്സാ ആവശ്യങ്ങൾക്ക്, കാർഷികവിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷുറൻസ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ, വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/സഹായം, മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടവ, വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി, ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം/നഷ്ടപരിഹാരം, വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികൾ/അപേക്ഷകൾ, തണ്ണീർത്തട സംരക്ഷണം, അപകടകരങ്ങളായ മരങ്ങൾ മുറിച്ചുമാറ്റുന്നത്, പ്രകൃതിദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം, എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ എന്നിവ അദാലത്തിൽ പരിഗണിക്കും.

നിർദേശങ്ങൾ/അഭിപ്രായങ്ങൾ, പ്രൊപ്പോസലുകൾ, ലൈഫ് മിഷൻ, ജോലി ആവശ്യം/പി എസ് സി വിഷയങ്ങൾ, വായ്പ എഴുതി തള്ളൽ, പോലീസ് കേസുകൾ, പട്ടയങ്ങൾ, തരംമാറ്റം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനുള്ള അപേക്ഷകൾ, ചികിത്സാ സഹായം ഉൾപ്പെടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ, ജീവനക്കാര്യം , റവന്യൂ റിക്കവറിവായ്പ തിരിച്ചടവിനുള്ള സാവകാശവും ഇളവുകളും എന്നീ വിഷയങ്ങൾ അദാലത്തിൽ പരിഗണിക്കില്ല.

അദാലത്തുമായി ബന്ധപ്പെട്ട് പരിശീലനം ആരംഭിച്ചു. അദാലത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പോർട്ടൽ തയാറാക്കും. അദാലത്തിലേക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിന് എല്ലാ താലൂക്ക് ഓഫീസുകളിലും അക്ഷയ കേന്ദ്രങ്ങളിലും സൗകര്യമൊരുക്കും. ഓൺലൈൻ അപേക്ഷകളും അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള അപേക്ഷകളും ജില്ലാതല മോണിറ്ററിംഗ് സെല്ലിന് ലഭിക്കും. താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും മോണിറ്ററിംഗ് സെല്ലിലെത്തും. അദാലത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് വിവിധ സെല്ലുകൾ രൂപീകരിക്കും. പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിന് താലൂക്ക്തല സെല്ലും ലഭിക്കുന്ന പരാതികൾ പരിശോധിക്കാൻ ജില്ലാ അദാലത്ത് സെല്ലും പരാതികളിന്മേലുള്ള നടപടികൾ നിരീക്ഷിക്കാനും ഏകോപിപ്പിക്കാനുമായി ജില്ലാതല അദാലത്ത് മോണിറ്ററിംഗ് സെല്ലുകളും രൂപീകരിക്കും.

# ബ്രെയിലി സാക്ഷരത പഠന ക്ലാസ് ഉദ്ഘാടനം ചെയ്തു

**തൃശൂർ:** ദീപ്തി ബ്രെയിലി സാക്ഷരത ക്ലാസുകൾക്ക് തുടക്കം കുറിച്ചു. നടവരമ്പ് ഗവ. ഹൈസ്കൂളിലെ ആദ്യ ക്ലാസ്സ് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു.

പഠിതാക്കൾക്ക് പഠന ഉപകരണങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് അധ്യക്ഷത വഹിച്ചു.

കാഴ്ച പരിമിതർക്ക് ബ്രയിൽ ലിപിയിൽ സാക്ഷരരാക്കുന്ന പദ്ധതിയാണ് ബ്രെയിലി സാക്ഷരതാ പദ്ധതി. തൃശ്ശൂർ ജില്ലയിലെ കാഴ്ച പരിമിതരായ മുഴുവനാളുകൾക്കും ഇതിന്റെ പ്രയോജനം കിട്ടുന്ന രീതിയിൽ ജില്ലാ സാക്ഷരതാ മിഷന്റെയും ബ്ലൈൻഡ് ഫെഡറേഷന്റെയും നേതൃത്വത്തിൽ എല്ലാ ബ്ലോക്കുകളിലും ക്ലാസുകൾ ആരംഭിക്കും.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, വേളൂക്കര പഞ്ചായത്ത് പ്രസിഡണ്ട് കെ.എസ് ധനീഷ്, ബ്ലോക്ക് മെമ്പർ വിജയലക്ഷ്മി വിനയചന്ദ്രൻ,പഞ്ചായത്ത് മെമ്പർ മാത്യൂസ്, സാക്ഷരതാ മിഷൻ പ്രതിനിധി ഡോ. മനോജ് സെബാസ്റ്റ്യൻ, ജില്ലാ കോഡിനേറ്റർ കൊച്ചു റാണി മാത്യു, അസി. കോഡിനേറ്റർ കെ.എം സുബൈദ, ബ്ലൈൻഡ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി മുരളീധരൻ, ഇൻസ്ട്രക്ടർമാരായ ജോണി, ജിതേഷ്, സുരേഷ്, ജയരാജ്, ബേബി ജോയ് തുടങ്ങിയവർ പങ്കെടുത്തു.

# സംരംഭകർക്ക് ആവേശംപകർന്ന് ബിഎൻഐ വാർഷികസമ്മേളനം

**പാലക്കാട്:** ആഗോളസംരംഭക കൂട്ടായ്മയായ ബിഎൻഐ (ബിസിനസ് നെറ്റ്വർക്ക് ഇന്റർനാഷണൽ) പാലക്കാട് റീജണൽ വാർഷികസമ്മേളനം ക്ലബ് 6 ൽ നടന്നു. വാണിജ്യരംഗത്ത് നിലനിൽക്കുന്ന വ്യാപാരകുറവിന് പരിഹാരം കാണുന്നതിന് 400 ൽപ്പരം ബിസിനസുകാർ എട്ടുമണിക്കൂർ നീണ്ട വൺ ടു വണ്ണിലൂടെ പതിനായിരത്തിൽപരം റഫറലുകൾ നൽകി വാണിജ്യകുതിപ്പിന് വഴിയൊരുക്കി ബിൻകോ 2024 സംരംഭകർക്ക് ആവേശംപകർന്നു.

2020 ൽ പാലക്കാടിൻറെ മണ്ണിൽ എത്തിയതിനുശേഷം ജില്ലയുടെ വ്യാപാരവിജയത്തിന് വലിയ മുതൽക്കൂട്ടായിട്ടുണ്ടെന്നും ശ്രദ്ധേയമായ ഇടപെടലുകളിലൂടെ ലോക വ്യാപാര ശൃംഖലയിൽ ബിഎൻഐ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ടെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത ബിഎൻഐ പാലക്കാട് എക്സിക്യൂട്ടീവ് ഡയറക്ടർ സി.പി. അബ്ദുൾസലാം പറഞ്ഞു. ജില്ലയിലെ 11 ചാപ്റ്ററുകളിൽ നിന്നായി 700 ൽപരം അംഗങ്ങൾ പങ്കെടുത്തു. ബിൻകോ ചെയർമാൻ പ്രമോദ് ശിവദാസ് അധ്യക്ഷത വഹിച്ചു.

ബിഎൻഐ ഇന്ത്യ സീനിയർ ഡിസ്ട്രിക്ട് ഡയറക്ടർ സന്തോഷ് രാധാകൃഷ്ണൻ, ബാംഗ്ലൂർ എക്സിക്യൂട്ടീവ് ഡയറക്ടർ അമിത് ജെ. ചബ്രിയ, പ്രേംദീപ് ഗോൾഡ് ആൻഡ് ഡയമണ്ട് എം.ഡി. ദേവരാജ് ഭാസ്കരൻ, ചാർട്ടർ പ്രസിഡൻറ് നിഖിൽ കൊടിയത്തൂർ, സപ്പോർട്ട് ഡയറക്ടർമാരായ വിജയകുമാർ, ജിജി വർഗീസ്, സത്യപ്രകാശ്, ഉമ്മർ ഫാറൂഖ്, നസീർ മനോളി, രവികുമാർ, ജെ. മഞ്ജുഷ, അരവിന്ദ് അശോക്, കെ.പി. പ്രജിത്ത്, എ.ടി. അസ്ലം, അമർനാഥ്, അനീഷ്, പി.ആർ. വെങ്കിടേശ്വരൻ പങ്കെടുത്തു. വിവിധതലങ്ങളിൽ മികവ് പുലർത്തിയ ബിസിനസുകാർക്കുള്ള പുരസ്കാരങ്ങൾ സന്തോഷ് രാധാകൃഷ്ണൻ വിതരണംചെയ്തു.

# സ്നേഹതീരം ഫുഡ് സ്ട്രീറ്റ് പദ്ധതി ഡിസംബറോടെ

**തൃശൂർ:** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഡസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ കീഴിലുള്ള തളിക്കുളം സ്നേഹതീരം ബീച്ച് പാർക്കിൽ 11 മാസത്തെ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങളിൽ ഐസ്ക്രീം വിൽപ്പന നടത്തുന്നതിനും, നാടൻ ഫുഡ്, അറേബ്യൻ ഫുഡ്, ടീ ആൻഡ് സ്നാക്സ് ബാർ എന്നീ ഫുഡ് സ്റ്റാളുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനായി ഒരോ ഇനത്തിനും പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചു.

ടെണ്ടറിനൊപ്പം 10,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കണം. അപേക്ഷാ ഫോമുകൾ സ്നേഹതീരം ഡിഎംസി ഓഫീസിൽ നിന്നും ലഭിക്കും. ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയ്യതി നവംബർ 30.

ഫുഡ് സ്ട്രീറ്റ് പദ്ധതിക്ക് പുറമെ, ബീച്ച് പാർക്ക് കളിയുപകരണങ്ങൾ സ്ഥാപിക്കൽ (82 ലക്ഷം), ഇലക്ട്രിക്കൽ വർക്കുകൾ (56 ലക്ഷം), എൽഇഡി ലൈറ്റുകൾ സ്ഥാപിക്കൽ (10 ലക്ഷം), വാട്ടർ കിയോസ്ക് നിർമ്മാണം (5 ലക്ഷം) തുടങ്ങിയ പ്രവൃത്തികൾ ഡിസംബർ മാസത്തോടെ പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്ന് നൽകുമെന്ന്ഫുഡ്ബോൾസി മുകുന്ദൻ എംഎൽഎ പറഞ്ഞു.

# സാമൂഹ്യ മാറ്റത്തിലും പുരോഗതിയിലും വിദ്യാഭ്യാസത്തിന് നിർണായക പങ്ക്: മന്ത്രി ജി.ആർ അനിൽ

**നെയ്യാറ്റിൻകര:** സാമൂഹ്യ മാറ്റത്തിലും പുരോഗതിയിലും വിദ്യാഭ്യാസത്തിന് നിർണായക പങ്കുണ്ടെന്ന് മന്ത്രി ജി.ആർ.അനിൽ അഭിപ്രായപ്പെട്ടു. നെയ്യാറ്റിൻകര ഗവ. എച്ച്എസ്എസിലെ മുഖ്യ വേദിയിൽ തിരുവനന്തപുരം റവന്യൂ ജില്ലാ കലോത്സവം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നാടിൻറെ ഒരുമ വളർത്തുന്നതിൽ കലോത്സവങ്ങളും ശാസ്ത്രമേളകളും കായികമേളകളുമെല്ലാം മുഖ്യഘടകങ്ങൾ തന്നെയാണ്. സാമൂഹ്യ പ്രവർത്തകർ അതിർവരമ്പുകളില്ലാതെ കലോത്സവത്തിൻറെ ഭാഗമാകുന്നതു കൊണ്ട് കൂടിയാണ് ഏഷ്യയിലെ ഏറ്റവും വലിയ കൗമാരമേളയായി സംസ്ഥാന സ്കൂൾ കലോത്സവം മാറിയതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഈ സ്കൂളിലെ പൂർവ വിദ്യാർഥി കൂടിയായ കെ. ആൻസലൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഡി. സുരേഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി.

# ശബരിമലയിൽ രണ്ടാം ബാച്ച് പോലീസ് ഉദ്യോഗസ്ഥർ ചുമതലയേറ്റു

**ശബരിമല:** മണ്ഡലകാലത്തെ രണ്ടാം ബാച്ച് പോലീസ് സേന ചുമതലയേറ്റു. തിരക്ക് നിയന്ത്രണം, ബോംബ് സ്ക്വാഡ്, ഇൻറലിജൻസ് തുടങ്ങിയ ഡ്യൂട്ടികളിലാണ് പോലീസിൻറെ നിയമനം.

സ്പെഷൽ ഓഫീസർ എസ്പി കെ.ഇ. ബൈജു പുതുതായി ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി.

ഡിസംബർ ആറുവരെയുള്ള 12 ദിവസമാണ് രണ്ടാം ബാച്ചിന് ഡ്യൂട്ടി. എട്ട് ഡിവൈഎസ്പിമാരുടെ കീഴിൽ എട്ട് ഡിവിഷനുകളിൽ 27 സിഐ, 90 എസ്ഐ, എഎസ്ഐ, 1,250 എസ്‌സിപിഒ, സിപിഒമാരാണ് സന്നിധാനത്ത് ഭക്തരുടെ തിരക്ക് നിയന്ത്രണത്തിനായി വിന്യസിച്ചിട്ടുള്ളത്. മൂന്ന് ഷിഫ്റ്റായി തിരിച്ചാണ് ഡ്യൂട്ടി ക്രമീകരിച്ചിട്ടുള്ളത്.

ഒരു ഡിവൈഎസ്പി, രണ്ട് സിഐ, 12 എസ്ഐ, എഎസ്ഐ, 155 എസ്‌സിപിഒ, സിപിഒ എന്നിവരടങ്ങുന്ന ഇൻറലിജൻസ് ബോംബ് സ്ക്വാഡ് ടീമും ചുമതയേറ്റു.

പത്തനംതിട്ട എസ്പി വി.ജി. വിനോദ് കുമാർ, ഡിവൈഎസ്പിമാർ മറ്റു പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സന്നിധാനത്ത് പ്രവർത്തിക്കുന്ന വിവിധ കടകളിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ പരിശോധനകളിൽ പായ്ക്കിംഗിലെ ന്യൂനതകൾ കണ്ടെത്തി കമ്പനികൾക്ക് പിഴയിട്ടു. സന്നിധാനത്ത് നടത്തിയ 17 പരിശോധനകളിൽ ന്യൂനത കണ്ടെത്തിയ രണ്ടു കേസുകളിൽ 25,000 രൂപയാണ് പിഴയായി ചുമത്തിയത്. തുടർന്നും മണ്ഡലകാലം അവസാനിക്കുന്നതുവരെ കർശനമായ പരിശോധനകൾ തുടരും.

# ടൈംടേബിൾ പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസിന്റെ ഒന്നും മൂന്നും സെമസ്റ്റർ (നവംബർ 2024) പരീക്ഷകളുടെ നോട്ടിഫിക്കേഷനും ടൈംടേബിളും പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക്: www.tekerala.org.

# സവാളക്ക് നേരിയ വിലക്കുറവ്, കുതിച്ചുചാടി വെണ്ടക്ക

**ആലപ്പുഴ :** മണ്ഡലകാലമെത്തിയതോടെ വിലയിൽ ഏറ്റക്കുറച്ചിലുകളോടെ പച്ചക്കറി വിപണി. ചില ഇനങ്ങൾ വിലയിൽ കുതിച്ചുചാട്ടം നടത്തിയപ്പോൾ നിലവിൽ വില കൂടി നിന്ന ചില ഇനങ്ങൾക്ക് നേരിയ കുറവുണ്ടായി. സവാള, ഉരുളക്കിഴങ്ങ്,പാവക്ക,പച്ചമുളക്,മാങ്ങ എന്നിവയാക്കാണ് ചെറിയ വിലക്കുറവ് ഉണ്ടായത്. തക്കാളി ഉൾപ്പെടെയുള്ളതിന്റെ വില കൂടുകയും ചെയ്തിട്ടുണ്ട്. പ്രതീക്ഷിച്ച കച്ചവടമില്ലെങ്കിലും ഓണത്തിനുപിന്നാലെ ഇടിഞ്ഞ പച്ചക്കറി വിപണി അല്പമെങ്കിലും സജീവമായതിന്റെ ആശ്വാസത്തിലാണ് കച്ചവടക്കാർ. വരുംദിവസങ്ങളിൽ കച്ചവടം കൂടുമെന്നാണു പ്രതീക്ഷ.



വിലയിലെ ഏറ്റക്കുറച്ചിലുകൾക്കൊപ്പം ജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് വിപണിയെ കാര്യമായി ബാധിക്കുന്നുണ്ടെന്ന് ആലപ്പുഴ ഫ്രൂട്സ് ആൻഡ് വെജിറ്റബിൾസ് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പറഞ്ഞു.

സവാള കിലോയ്ക്ക് ആലപ്പുഴയിൽ ഒരാഴ്ച മുൻപുവരെ ചില്ലറവില 70 രൂപയായിരുന്നത് നിലവിൽ 60 65 രൂപയായി. ഉരുളക്കിഴങ്ങ് പത്തു രൂപ കുറഞ്ഞ് 50 ആയി. 160 രൂപയായിരുന്ന ബീൻസിന് നിലവിൽ 70 രൂപയാണ് വില. കോളിഫ്ലവർ 70ൽ നിന്ന് 60 രൂപയായി.പാവക്ക 80ൽ നിന്ന് 60 രൂപയായി. അതേസമയം തക്കാളി കിലോയ്ക്ക് 20 രൂപ കൂടി 50 രൂപയായി. വെണ്ടക്ക 30ൽ നിന്നും 70 രൂപയായി ഉയർന്നു. കാരറ്റിന് 6070 ആയിരുന്നത് നിലവിൽ 90 രൂപയാണ്.

മണ്ഡലകാലത്ത് കൂടുതൽ ആവശ്യമുള്ള നാളികേരത്തിന് ഒരാഴ്ച മുൻപുവരെ 60 രൂപയായിരുന്നത് നിലവിൽ 70 രൂപയാണ്. (സ്ഥലം മാറുന്നതനുസരിച്ച് വിലകളിൽ ചെറിയ വ്യത്യാസം വരാം.)

പക്ഷിപ്പനിയും സംസ്ഥാനത്തെ ഇറച്ചിക്കോഴികളിൽ മരുന്നുകളെ അതിജീവിക്കുന്ന ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്ന പ്രചാരവും കർഷകർക്ക് തിരിച്ചടിയാകുന്നു. ഇറച്ചിക്കോഴിയുടെ വിലയിലും വിൽപ്പനയിലും വലിയ ഇടിവാണുണ്ടായതെന്ന് ഓൾ കേരള പൗൾട്രി ഫെഡറേഷൻ ജനറൽ സെക്രട്ടറി എസ്.കെ. നസീർ പറഞ്ഞു.

തമിഴ്നാട്ടിൽനിന്നുള്ള ഇറച്ചിക്കോഴികളോടാണ് കച്ചവടക്കാർക്കു പ്രിയം. അതുകൊണ്ടു തന്നെ ക്രിസ്മസായാലും കർഷകർക്കു കാര്യമായ ഗുണമുണ്ടാകില്ലെന്നാണ് കർഷകർ പറയുന്നത്.

താറാവുവളർത്തുന്നതിന് ജില്ലയിൽ നിയന്ത്രണമുണ്ട്. അതുകൊണ്ടുതന്നെ വിപണി സജീവമാകുമെങ്കിലും കർഷകർക്ക് ദുരിതം തന്നെയാണെന്നാണ് കർഷകനായ ബെൻസി പറയുന്നത്. തമിഴ്നാട്ടിൽനിന്നുതന്നെയാണ് താറാവുകളും ജില്ലയിലെത്തുന്നത്. നിയന്ത്രണം മറികടന്ന ചില കർഷകർ താറാവിനെ വളർത്തുന്നുണ്ടെന്നും ആക്ഷേപമുണ്ട്.



# അപ്പർ കുട്ടനാട്ടിൽ പുഞ്ചക്കൃഷി തുടങ്ങി

**വീയപുരം :** അപ്പർ കുട്ടനാട്ടിലെ വിവിധ പാടശേഖരങ്ങളിൽ പുഞ്ചക്കൃഷി തുടങ്ങി. വീയപുരം, ചെറുതന പഞ്ചായത്തുകളിലെ പാടങ്ങളിലാണ് വിതയിറക്കിയത്. ഉമ ഇനത്തിലെ വിത്താണ് കൂടുതലും വിതച്ചിട്ടുള്ളത്. 110 മുതൽ 120 ദിവസം കൊണ്ട് വിളവെടുക്കാമെന്ന പ്രതീക്ഷയാണ് കർഷകർക്കുള്ളത്. ചില സ്ഥലങ്ങളിൽ സർക്കാർ വിതരണം ചെയ്ത നെൽവിത്ത് കിളിർക്കാത്തത് കർഷകരിൽ ആശങ്കയുണ്ടാക്കിയിരുന്നു. പിന്നീട് സ്വകാര്യ ഏജൻസികളിൽനിന്നു നെൽവിത്ത് വാങ്ങിയാണ് കിളിർപ്പിച്ചെടുത്തത്.

ചെറുതനയിലെ 24ഉം വീയപുരത്തെ 16ഉം പാടശേഖരങ്ങളിലാണ് പുഞ്ചക്കൃഷിയുള്ളത്. രണ്ടാംകൃഷിയില്ലാത്ത പാടശേഖരങ്ങളിൽ മാസങ്ങൾക്കുമുൻപേ പുഞ്ചക്കൃഷിയുടെ ഒരുക്കം തുടങ്ങിയിരുന്നു. തുലാം പകുതിക്കുശേഷമാണ് വിത നടക്കുന്നതെങ്കിലും ഒരുക്കങ്ങൾ മുൻപേ തുടങ്ങും. പാടശേഖരങ്ങളിൽ വലിയ തോതിൽ അടിഞ്ഞ പായലും പോളയും ഉൾപ്പെടെയുള്ള മാലിന്യം നീക്കുന്നത് കർഷകർക്ക് ബാധ്യതയാണ്. പായലും പോളയും മാറ്റി പാടം വൃത്തിയാക്കിക്കഴിഞ്ഞാൽ വരമ്പുകുത്ത്, വാച്ചാൽ തെളിക്കൽ, പാടം ഉഴുതുമറിച്ച് നിരപ്പാക്കുക, വെള്ളംവറ്റിക്കുക തുടങ്ങിയ ജോലികളും പൂർത്തിയാക്കണം. പിന്നീടുമാത്രമേ വിതയിറക്കാനാകൂ.

കൃഷിയൊരുക്കത്തിനാണ് കർഷകർക്ക് കൂടുതൽ പണം ചെലവാകുന്നത്. തൊഴിലാളികളെ നിർത്തിവേണം പാടം വൃത്തിയാക്കാൻ. ഇതിനൊപ്പം പമ്പിങ്ങും നടത്തണം. മിക്ക പാടശേഖരങ്ങൾക്കും സ്വന്തമായി പെട്ടിയും പറയും മോട്ടോറുമില്ല. വലിയ പാടശേഖരങ്ങൾക്കു മാത്രമാണിതുള്ളത്. ബാക്കിയുള്ളവർ വാടകയ്ക്കെടുത്താണ് പമ്പിങ് നടത്തുന്നത്. ഏക്കറിന് 3,500 രൂപയാണു ചെലവ്.

ഓരുമുട്ടുകളുടെ നിർമാണം പൂർത്തിയാകാത്തതും കർഷകർക്കു വെല്ലുവിളിയാണ്. ശക്തമായ പുറംബണ്ടുകൾ പല പാടങ്ങൾക്കുമില്ല. കൃഷിയൊരുക്കം നടത്തി വിതയിറക്കിയ പാടങ്ങളിൽ കഴിഞ്ഞ സീസണിൽ മടവീഴ്ചയുണ്ടായിട്ടുണ്ട്. പിന്നീട് പാടം വീണ്ടും വൃത്തിയാക്കിയാണ് വിതയിറക്കിയത്. ഇതു കർഷകർക്ക് ഇരട്ടിച്ചെലവുണ്ടാക്കി.

ബലവത്തായ പുറംബണ്ടുകളുണ്ടെങ്കിൽ പാടങ്ങളെ മടവീഴ്ചയിൽനിന്നു രക്ഷിക്കാം. ഇതു കൃഷിയൊരുക്കസമയത്തെ അധികച്ചെലവു കുറയ്ക്കുന്നതിനും സഹായകമാകും

## പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖല: കേരളത്തിന് മാത്രമായി അന്തിമവിജ്ഞാപനം വന്നേക്കും

**ന്യൂഡൽഹി:** പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖല സംബന്ധിച്ച് കേരളത്തിന് മാത്രമായി പ്രത്യേക അന്തിമവിജ്ഞാപനം പുറത്തിറക്കുന്ന കാര്യം പരിഗണിക്കുമെന്ന് കേന്ദ്ര വനംപരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ്.

പശ്ചിമഘട്ടം സംരക്ഷണത്തിനുള്ള കസ്തൂരിരംഗൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ടമേഖലയിലെ ആറ് സംസ്ഥാനങ്ങൾക്കായി പൊതുവായ അന്തിമവിജ്ഞാപനം പുറത്തിറക്കൽ വൈകുന്ന പശ്ചാത്തലത്തിലാണിത്. ഡീൻ കുര്യാക്കോസ് എം.പി.ക്കാണ് തിങ്കളാഴ്ച കേന്ദ്രമന്ത്രി ഈ ഉറപ്പുനൽകിയത്. കേരളത്തിലെ പരിസ്ഥിതിലോല മേഖലയായി 8590.69 ചതുരശ്ര കിലോമീറ്ററാണ് പുതുക്കിയ ശുപാർശയിൽ സംസ്ഥാനം നിർദേശിച്ചത്. 12 ജില്ലകളിലെ 29 താലൂക്കിൽ, 98 വില്ലേജുകളിലായാണിത്. ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി നിയോഗിച്ച സമിതി പരിശോധിച്ചുവരുകയാണെന്നും മന്ത്രി പറഞ്ഞു.

## താത്കാലിക ഡെപ്യൂട്ടേഷൻ

**തിരുവനന്തപുരം:** 2025ലെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ ജിദ്ദയിലുള്ള ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെ ഓഫീസിലേക്ക് കോർഡിനേറ്റർ (അഡ്മിൻ), ഹജ്ജ് ഓഫീസർ, ഹജ്ജ് സൂപ്രണ്ട് എന്നീ തസ്തികകളിലേക്ക് താത്കാലിക ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. മുസ്ലീം മത വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. രണ്ട് മുതൽ മൂന്ന് മാസം വരെയായിരിക്കും താത്കാലിക നിയമനം. മേയ് മുതൽ ജുലൈ വരെയുള്ള കാലയളവിലേക്കാണ് നിയമനം പ്രതീക്ഷിക്കുന്നത്.

അപേക്ഷകൾ ഓൺലൈനായി deputation.haj.gov.in എന്ന വെബ്സൈറ്റ് മുഖേന ഇന്ത്യാ ഗവൺമെന്റിന്റെ ന്യുനപക്ഷ ക്ഷേമ മന്ത്രാലയത്തിന് സമർപ്പിക്കണം. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 നവംബർ 28. വിശദവിവരങ്ങൾക്ക് deputation.haj.gov.in സന്ദർശിക്കുക.

## പ്രൊഡക്ഷൻ ഓഫീസർ നിയമനം

**തിരുവനന്തപുരം:** കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഡക്ഷൻ ഓഫീസർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ അപേക്ഷയും ആവശ്യമായ രേഖകളും 2024 ഡിസംബർ 15 വൈകിട്ട് 5നകം കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കണം. അച്ചടിയിൽ ഡിപ്ലോമയും, മൂന്ന് വർഷത്തിൽ കുറയാതെ ഏതെങ്കിലും പ്രശസ്തമായ അച്ചടിശാലയിലെ പുസ്തക നിർമാണ വകുപ്പിൽ ജോലി ചെയ്തുള്ള പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ശാസ്ത്ര/മാനവിക വിഷയത്തിലെ ബിരുദവും, മലയാള ഭാഷയിലെ പ്രാവീണ്യവും അധിക യോഗ്യതകളായി പരിഗണിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471 2333790, 8547971483

## വെണ്ണല ഗവ. എൽപി സ്കൂൾ ഇനി ഹരിത വിദ്യാലയം

**കൊച്ചി:** കോർപറേഷനിലെ വെണ്ണല ഗവൺമെന്റ് എൽപി സ്കൂൾ ഇനി ഹരിതവിദ്യാലയം. സ്കൂളിനെ ഹരിത വിദ്യാലയമാക്കിയുള്ള ഔദ്യോഗിക പ്രഖ്യാപനം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു.

നഗരത്തിന്റെ സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഹരിത സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള സ്കൂളിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

സ്കൂളിലെ ഈവർഷത്തെ രണ്ടാംഘട്ട നടീൽ ഉത്സവം പച്ചക്കറിത്തൈ നട്ടുകൊണ്ട് അദ്ദേഹം ഉത്ഘാടനം ചെയ്തു. ഉപജില്ലാ കലോത്സവത്തിൽ മികച്ച പ്രകടനം നടത്തിയ പ്രതിഭകൾക്കുള്ള ട്രോഫിയും വിതരണം ചെയ്തു. സ്കൂൾ പിടിഎ നടത്തിവരുന്ന വിദ്യാലയ പച്ചക്കറി കൃഷി പദ്ധതി ഭവനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൗൺസിലർ ജോർജ് നാനാട്ട് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ജീവനക്കാർക്കും പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. ജില്ലാ ഹരിത മിഷൻ,സ്കൂൾ പിടിഎ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, കുടുംബശ്രീ എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി നടപ്പിലാക്കുന്നത്.

ചടങ്ങിൽ വെണ്ണല ഡിവിഷൻ കൗൺസിലർ കെ ബി ഹർഷൻ അധ്യക്ഷനായി. ഹരിത മിഷൻ ജില്ലാ കോഡിനേറ്റർമാരായ എസ് രഞ്ജിനി, നിസ നിഷാദ്, സ്കൂൾ പ്രിൻസിപ്പൽ ജി.സുജാത, ഹൈസ്ക്കൂൾ പ്രധാനാധ്യാപിക ചന്ദ്രലേഖ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ എസ്. രമേശ് കുമാർ, പിടിഎ പ്രസിഡന്റ് അബ്ദുൽ റഹീം, ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷാകർത്താക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# കൊച്ചി നഗരം എഐ ക്യാമറ സുരക്ഷയിൽ

**കൊച്ചി:** കൊച്ചി നഗരം ഇനി എഐ ക്യാമറ സുരക്ഷയിൽ. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സിഎസ്എംഎൽ) സിറ്റി പൊലീസിനായി നടപ്പാക്കുന്ന ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ഐടിഎംഎസ്), ഇന്റലിജന്റ് സിറ്റി സർവൈലൻസ് സിസ്റ്റം (ഐസിഎസ്എസ്) എന്നിവ പ്രവർത്തനമാരംഭിച്ചു. ഗതാഗതനിയമ ലംഘനങ്ങൾ, നിരത്തിലെ കുറ്റകൃത്യങ്ങൾ എന്നിവ തത്സമയം കണ്ടെത്താൻ ഇനി പൊലീസിന് ആകുമെന്നു സിറ്റി പൊലീസ് കമ്മിഷണർ പുട്ട വിമലാദിത്യ പറഞ്ഞു.

ഇതിനു പുറമേ പൊതുജനങ്ങൾക്ക് അടിയന്തര സാഹചര്യങ്ങളിൽ പൊലീസ് കൺട്രോൾ റൂമിൽ വിവരങ്ങൾ അറിയിക്കാൻ സഹായിക്കുന്ന എമർജൻസി കോൾ ബോക്സുകളും പ്രവർത്തനസജ്ജമായി. പൊതുജനങ്ങൾക്കു മുന്നറിയിപ്പുകൾ നൽകാൻ സഹായിക്കുന്ന പബ്ലിക് അഡ്രസിങ് സിസ്റ്റവും ഇതിനൊപ്പമുണ്ട്. 45 കോടിയാണു പദ്ധതിയുടെ ചെലവ്. ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുഖേന നിരത്തിൽ 24 മണിക്കൂർ നിരീക്ഷണം ഉറപ്പാക്കാനാകും. സിറ്റി പൊലീസ് കമ്മിഷണർ ഓഫിസിനു മുകളിലാണ് ഐടിഎംഎസ് കൺട്രോൾ റൂം സ്ഥാപിച്ചിട്ടുള്ളത്.

പൂർണമായും എഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയാണ് ഇതിന്റെ പ്രവർത്തനം. 80 എഐ ക്യാമറകൾ ഇതിന്റെ ഭാഗമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നുള്ള ദൃശ്യങ്ങൾ നിരീക്ഷിക്കാൻ 24 മണിക്കൂറും കൺട്രോൾ റൂമിൽ ഉദ്യോഗസ്ഥരുണ്ടാകും. തിരക്കേറുമ്പോൾ സിഗ്നലുകൾ സ്വയം ക്രമീകരിക്കപ്പെടുന്ന ഇന്റഗ്രേറ്റഡ് സംവിധാനവും ഇതിന്റെ ഭാഗമായുണ്ട്. ഡൈനാമിക് ടൈമിങ് സാങ്കേതികവിദ്യ ഉപയോഗിച്ചു സിഗ്നലുകളുടെ സമയം നീട്ടാനും കുറയ്ക്കാനും ഇതിലൂടെ കഴിയും.

സിഎസ്എംഎല്ലിന്റെ കലൂരിലെ കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുള്ള 336 എഐ ഹൈ ഡെഫിനിഷൻ ക്യാമറകളിലൂടെ നഗരത്തിലെ പ്രധാനമേഖലകൾ 24 മണിക്കൂറും നിരീക്ഷിക്കാൻ കഴിയുന്ന സംവിധാനമാണു ഇന്റലിജന്റ് സിറ്റി സർവൈലൻസ് സിസ്റ്റം.

രാത്രിയിലും പകലും ഒരു പോലെ പ്രവർത്തിക്കുന്ന ക്യാമറകൾ മിഴിവാർന്ന ദൃശ്യങ്ങളാണു നൽകുക. സംശയം തോന്നുന്ന സാഹചര്യങ്ങളിൽ വാഹനങ്ങൾ, വ്യക്തികൾ എന്നിവയുടെ ദൃശ്യങ്ങൾ അടുത്തു കാണാനുള്ള സൗകര്യവും ഇവയിലുണ്ട്.

കേസുകളുമായി ബന്ധപ്പെട്ടു പൊലീസ് തിരയുന്ന വ്യക്തികൾ ഈ ക്യാമറകളുടെ പരിധിയിലൂടെ കടന്നു പോയാൽ കണ്ടെത്താനും പൊലീസിനാകും.

# അഡാക് ഫിഷ് ഫാമിന്റെ ചുറ്റും ബണ്ട് റോഡിന് 1.90 കോടി രൂപയുടെ ഭരണാനുമതി

**പൊയ്യ :** അഡാക് ഫിഷ് ഫാമിന്റെ ചുറ്റും ബണ്ട് റോഡ് ഒരുക്കുന്നതിനായി 1.90 കോടി രൂപയുടെ ഭരണാനുമതി. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണു തുക അനുവദിച്ചിരിക്കുന്നത്. വി.ആർ.സുനിൽകുമാർ എംഎൽഎയുടെ ശ്രമഫലമായി ഹാർബർ എൻജിനീയറിങ് വകുപ്പ് ചീഫ് എൻജിനീയറുടെ ശുപാർശ പരിഗണിച്ചാണ് അനുമതി ലഭിച്ചിരിക്കുന്നത്. ഫിഷ് ഫാമിന്റെ ചുറ്റുമായി 3 കിലോമീറ്ററാണ് ബണ്ട് റോഡ് നിർമിക്കുന്നത്. ഹാർബർ എൻജിനീയറിങ് വകുപ്പിനാണ് നിർമാണ ചുമതല. പൂർണമായും ഇന്റർലോക്ക് ടൈൽ വിരിച്ചാണ് റോഡ് ഒരുക്കുന്നത്.

സാങ്കേതിക അനുമതി ലഭ്യമാക്കി റോഡ് നിർമാണം ഉടൻ ആരംഭിക്കണമെന്ന് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറോട് നിർദേശിച്ചതായും എംഎൽഎ അറിയിച്ചു. ഇതോടൊപ്പം ഫിഷ് ഫാം ഇക്കോ ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള വികസന പദ്ധതി തയാറാക്കാനും എംഎൽഎ നിർദേശം നൽകിയിട്ടുണ്ട്. 15 കോടി രൂപ ചെലവുള്ള പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഓരുജല മത്സ്യക്കൃഷി, കരിമീൻ വിത്തുൽപാദനം, ഓരുജല മത്സ്യവിത്ത് റിയറിങ്, നൂതന ജലകൃഷി മത്സ്യ ഉൽപാദനം എന്നിവ കൂടുതൽ വ്യാപിപ്പിക്കുന്നതോടൊപ്പം ഫാം ആധുനിക രീതിയിൽ നവീകരിക്കാനും ലക്ഷ്യമിടുന്നു. വിദ്യാർഥികൾക്കായി പരിശീലന കേന്ദ്രവും പൊതുജനങ്ങൾക്ക് ഫാം സന്ദർശിക്കാനും സമയം ചെലവഴിക്കാനുള്ള സൗകര്യങ്ങളും ഇവിടെ ഒരുക്കാനും പദ്ധതിയുണ്ട്.

# ശബരിമല 18ാം പടിയിലെ ആചാര ലംഘനം : മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഒഴിയണം വി.എച്ച്.പി

**കൊച്ചി :** ശബരിമല പതിനെട്ടാംപടിയിൽ പോലീസ് ഉദ്യോഗസ്ഥർ ആചാരലംഘനം നടത്തിയ സംഭവത്തിൽ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഒഴിയണമെന്ന് വിശ്വഹിന്ദു പിഷത്ത് കേരള ഘടകം ആവശ്യപ്പെട്ടു. അയ്യപ്പ വിശ്വാസികൾ പരിപാവനമായി കരുതുന്ന പതിനെട്ടാം പടിയിൽ പുറംതിരഞ്ഞ് നിന്ന് ഫോട്ടോ ഷൂട്ട് നടത്തി ആചാര ലംഘനം നടത്താൻ പോലീസ് ഉദ്യോസ്ഥർക്ക് അവസരം നൽകിയതിൽ ഒന്നാം പ്രതി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയാണെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ ആരോപിച്ചു. മേൽശാന്തി ഉൾപ്പെടെയുള്ളവർ പവിത്രമായ പതിനെട്ടാം പടിയിലൂടെ അയ്യപ്പനെ തൊഴുത് പിറകോട്ടാണ് ഇറങ്ങുന്നത്. പതിനെട്ടാംപടിയുടെ പവിത്രതയും, ആചാരവും അതായിരിക്കെ അയ്യപ്പനെ പുറംതിരിഞ്ഞ് നിന്ന് ഫോട്ടോഷൂട്ട് നടത്താൻ അയ്യപ്പ വിശ്വാസികളായ ആർക്കും കഴിയില്ല. സിപിഎംന്റെയും പിണറായി സർക്കാരിന്റെയും ഹൈന്ദവ വിരുദ്ധതയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണാമാണ് ശബരിമല 18ാം പടിയിലെ പോലീസ് ഉദ്യോഗസ്ഥർ നടത്തിയ കടുത്ത ആചാരലംഘനം. ശബരിമലയിൽ ഭക്തജനങ്ങളെ സഹായിക്കാൻ എന്നപേരിൽ നിയോഗിക്കപ്പെട്ട അവിശ്വാസികളായ മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും പിൻവലിക്കണമെന്നും പകരം ശബരിമല ശാസ്താവിന്റെ ആചാരങ്ങളെ മാനിക്കുന്നവരെ നിയമിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. ആചാര ലംഘനം സംബന്ധിച്ച് മുഖ്യമന്ത്രിയും, ദേവസ്വം മന്ത്രിയും നിലപാട് വ്യക്തമാക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

# കാട്ടാനക്കൂട്ടം നശിപ്പിച്ചത് ആയിരക്കണക്കിനുറബർമരങ്ങൾ

**വെള്ളിക്കുളങ്ങര:** ചൊക്കന, മുപ്ലി മേഖലയിലെ റബർ തോട്ടങ്ങളിൽ വിഹരിക്കുന്ന കാട്ടാനക്കൂട്ടങ്ങൾ വ്യാപകമായി റബർമരങ്ങൾ നശിപ്പിക്കുന്നു. മുൻകാലങ്ങളിൽ പതിവില്ലാത്ത വിധത്തിൽ റബർ മരങ്ങളുടെ തൊലിയും ഇലകളും കാട്ടാനകൾ തിന്നുനശിപ്പിക്കുന്നത് റബർകൃഷി മേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

വനത്തിനുള്ളിൽ മതിയായ തീറ്റയും വെള്ളവും ലഭ്യമാകാതെ വന്നപ്പോഴാണ് കാട്ടാനക്കൂട്ടങ്ങൾ കാടുവിട്ട് റബർ തോട്ടങ്ങളിൽ തമ്പടിക്കാൻ തുടങ്ങിയത്. ചൊക്കന,മുപ്ലി മേഖലയിലെ റബർ തോട്ടങ്ങളിലായി നൂറിലേറെ കാട്ടാനകളാണ് ഇങ്ങനെ തമ്പടിച്ചിട്ടുള്ളത്. പകലും രാത്രിയിലും ഒരുപോലെ തോട്ടങ്ങളിൽ വിഹരിക്കുന്ന കാട്ടാനകൾ ടാപ്പിംഗ് തൊഴിലാളികൾക്ക് പേടിസ്വപ്നമായി മാറിയിട്ട് വർഷങ്ങളായി.

മുപ്ലി പുഴയുടെ ഇരുവശങ്ങളിലുമായുള്ള റബർ തോട്ടങ്ങളിലാണ് കാട്ടാനകൾ കൂട്ടമായി തമ്പടിച്ചിട്ടുള്ളത്. റബർ മരങ്ങളുടെ തൊലിയും ഇലകളും കാട്ടാനകൾ തിന്നുന്നതിനാൽ മരങ്ങൾ നശിച്ചുപോകുകയാണ്. ചൊക്കന, കാരിക്കടവ്, മുപ്ലി പ്രദേശങ്ങളിൽ മാത്രം നൂറിലേറെ ഏക്കർ സ്ഥലത്തെ റബർ കൃഷി ഇത്തരത്തിൽ കാട്ടാനകൾ നശിപ്പിച്ചിട്ടുണ്ട്. മുറിച്ചുമാറ്റുന്ന റബർ മരങ്ങൾക്ക് പകരം നട്ടുപിടിപ്പിക്കുന്ന തൈക്കളും ആനകൾ തിന്നു നശിപ്പിക്കുന്നത് തോട്ടം മേഖലയിൽ തൊഴിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് മലയോര കർഷക സംരക്ഷണ സമിതി കൺവീനർ ജോബിൾ വടാശേരി പറഞ്ഞു.

ഹാരിസൻ പ്ലാൻറേഷനിലെ കാരിക്കടവിൽ 50 ഏക്കറോളം സ്ഥലത്ത് അടുത്തിടെ റീപ്ലാന്റ് ചെയ്ത പതിനായിരത്തോളം റബർ തൈക്കൾ പൂർണമായും കാട്ടാനകൾ നശിപ്പിച്ചു. ചക്കിപറമ്പിൽ 75 ഹെക്ടർ സ്ഥലത്തെ നാലുവർഷത്തോളം വളർച്ചയെത്തിയ റബർ മരങ്ങളും കാട്ടാനകളുടെ ഒടിച്ചിട്ട് നശിപ്പിച്ചിരുന്നു. മുപ്ലി പ്രദേശത്ത് രണ്ടാഴ്ച മുമ്പ് കാട്ടാനകൾ നശിപ്പിച്ച റബർ തൈകളുടെ എണ്ണം മൂവായിരത്തോളമാണ്. ഒരു വർഷത്തെ വളർച്ചയെത്തിയ തൈക്കളാണ് ഇവിടെ നശിപ്പിക്കപ്പെട്ടത്.

തോട്ടത്തിൽ കാവൽ ജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഒച്ചയെടുത്തും പടക്കംപൊട്ടിച്ചും കാട്ടാനകളെ തുരത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും പഴയതുപോലെ ഇതൊന്നും ഫലപ്രദമാകുന്നില്ലെന്ന് തൊഴിലാളികൾ പറയുന്നു. റീപ്ലാൻറ് ചെയ്യുന്ന റബർ തൈക്കൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നതിനാൽ തോട്ട മാനേജ്മെൻര് പലയിടത്തും ഭൂമി തരിശിടുകയാണ്. തോട്ടം മേഖലയിൽ ജോലിചെയ്യുന്ന നൂറുകണക്കിനുപേർക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇത് കാരണമാകുമെന്ന ആശങ്ക തൊഴിലാളികൾക്കുണ്ട്. തോട്ടങ്ങളിലെ കാട്ടാനശല്യം നേരത്തെ തൊഴിൽ ചെയ്യുന്നതിന് തടസമായിരുന്നെങ്കിൽ ഇപ്പോൾ തൊഴിൽ തന്നെ ഇല്ലാതാക്കുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങളെത്തിയിരിക്കുന്നതെന്ന് ചൊക്കനയിലെ തൊഴിലാളിയായ മുഹമ്മദലി പറഞ്ഞു. റബർ തോട്ടങ്ങളിൽ വിഹരിക്കുന്ന കാട്ടാന, പുലി തുടങ്ങിയ വന്യമൃഗങ്ങൾ തൊഴിലാളികളുടെ ജീവനും ഭീഷണിയാണ്.

കഴിഞ്ഞ നാലുവർഷത്തിനിടെ ചൊക്കനയിലും മുപ്ലിയിലുമായി കാട്ടാന രണ്ടുപേരുടെ ജീവനെടുത്തിരുന്നു. ആനയുടെ ആക്രമണത്തിലും ആനയുടെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിലുമായി പരിക്കേറ്റവർ നിരവധിയാണ്.




# നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിച്ചാൽ കേരള പോലീസ് രാജ്യത്തെ ഏറ്റവും മികച്ച സേന: ഹോർമിസ് തരകൻ

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ (കെഎംഎ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി മുൻ സംസ്ഥാന പൊലീസ് മേധാവി ഹോർമിസ് തരകൻ പ്രഭാഷണം നടത്തി. ഹൂ വിൽ പൊലീസ് ദി പൊലീസ് എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം സംഘടിപ്പിച്ചത്. നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിച്ചാൽ കേരള പോലീസ് രാജ്യത്തെ തന്നെ ഏറ്റവും മികച്ച സേനയാകുമെന്ന് അദ്ദേഹം പറഞ്ഞു. എ.കെ ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ മാത്രമാണ് അത്തരമൊരു ധീരമായ തീരുമാനമെടുത്തത്. പാർട്ടിയുടെയും ഘടകകക്ഷികളുടെയും ശക്തമായ എതിർപ്പ് മറികടന്നാണ് എ കെ ആന്റണി അത്തരമൊരു നിലപാടെടുത്തത്. പലപ്പോഴും കൂട്ടുകക്ഷി സർക്കാരുകളുടെ കാലത്ത് പൊലീസ് ഏറെ ബുദ്ധിമുട്ടാറുണ്ട്. പ്രവർത്തന സ്വാതന്ത്ര്യവും കൃത്യമായ പരിശീലനവും നൽകിയാൽ കേരള പോലീസിനോളം മികച്ച മറ്റൊരു സേനയുണ്ടാകില്ല. അച്ചടക്കം പോലീസ് സേനയിൽ പരമപ്രധാനമാണ്.

രാഷ്ട്രീയ താത്പര്യമാണ് പലപ്പോഴും പോലീസിനെ പ്രതിക്കൂട്ടിലാക്കുന്നത്. ചില ഉദ്യോഗസ്ഥരെങ്കിലും അധികാരം സ്ഥാപിക്കാൻ ശ്രമിക്കാറുണ്ട്. ഇത്തരം നീക്കങ്ങളാണ് പോലീസിനെയും ജനങ്ങളെയും തമ്മിൽ അകറ്റുന്നത്. പൊലീസ് പരിഷ്കരണ ശുപാർശകളൊന്നും നടപ്പാക്കാൻ ആരും താത്പര്യപ്പെട്ടിട്ടില്ലന്നും ഹോർമിസ് തരകൻ കുറ്റപ്പെടുത്തി.

സംസ്ഥാന പോലീസ് മേധാവിയായിരുന്ന ടി പി സെൻ കുമാറിനെതിരെ സ്വീകരിച്ച നടപടി പോലീസ് സേനയുടെ വീര്യം തകർക്കുന്നതായിരുന്നു. മാനുഷിക മുഖമുള്ളതാകണം പോലീസ് സേനയെന്നും ഹോർമിസ് തരകൻ പറഞ്ഞു. കെഎംഎ പ്രസിഡൻറ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റിയംഗം കെ ശ്രീനിവാസൻ സ്വാഗതവും ടോം പി ജോസഫ് നന്ദിയും പറഞ്ഞു.

# കുരുക്കഴിയും; സീപോർട്ട്എയർപോർട്ട് റോഡ് രണ്ടാംഘട്ട വികസനത്തിന് 18.77 കോടി

**കൊച്ചി:** സീപോർട്ട്എയർപോർട്ട് റോഡ് രണ്ടാംഘട്ട നിർമ്മാണത്തിന് എച്ച്എംടിയുടെ ഭൂമി ലഭിക്കുന്നതിനായി കെട്ടിവെയ്ക്കേണ്ട 18,77,27000 രൂപ (പതിനെട്ടു കോടി എഴുപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരം) സർക്കാർ അനുവദിച്ചു. രണ്ടാംഘട്ട നിർമ്മാണത്തിനായി എച്ച് എം ടിയുടെ 1.6352 ഹെക്ടർ (4.4 സെന്റ്) ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. റോഡ് വികസനത്തിനായി തുക കെട്ടിവെച്ചു ഭൂമി വിട്ടുനൽകണമെന്നു സുപ്രീംകോടതി ഇടക്കാല ഉത്തരവിട്ടിരുന്നു. എൻഎഡി (നേവൽ ആർമമന്റ് ഡിപ്പോ) യുടെ ഭൂമി ലഭിക്കുന്നതിനുള്ള 23 കോടി രൂപയും ഉടൻ അനുവദിക്കുമെന്നു വ്യവസായ വകുപ്പു മന്ത്രി പി. രാജീവ് പറഞ്ഞു.



രണ്ടുഘട്ടങ്ങളിലായി നടപ്പാക്കുന്ന 25.8 കിലോമീറ്റർ സീപോർട്ട് എയർപോർട്ട് റോഡിന്റെ ആദ്യഘട്ടം ഇരുമ്പനം മുതൽ കളമശേരി വരെയും (11.3 കിമി) രണ്ടാംഘട്ടം കളമശേരി എച്ച്എംടി റോഡ് മുതൽ എയർപോർട്ട് (14.4 കിമി) വരെയുമാണ്. ഇതിൽ ആദ്യഘട്ടം 2019 ൽ പൂർത്തീകരിച്ചു. അവശേഷിക്കുന്ന 14.4 കിലോമീറ്ററിന്റെ നിർമ്മാണം നാല് സ്ട്രെച്ചുകളായാണ് നടപ്പാക്കുന്നത്. എച്ച്എംടി മുതൽ എൻഎഡി വരെയുള്ള ഭാഗം (2.7 കിമി), എൻഎഡി മുതൽ മഹിളാലയം വരെയുള്ള ഭാഗം (6.5 കിമി), മഹിളാലയം മുതൽ ചൊവ്വര വരെ (1.015 കിമി), ചൊവ്വര മുതൽ എയർപോർട്ട് റോഡ് വരെ (4.5 കിമി).

ഇതിൽ എച്ച്എംടി എൻഎഡി റീച്ചിന്റെ നിർമ്മാണത്തിനായുള്ള ഭൂമിക്കാണ് സർക്കാർ ഇപ്പോൾ തുക അനുവദിച്ചിരിക്കുന്നത്. ഈ റീച്ചിൽ എച്ച്എംടിയുടെയും എൻഎഡിയുടെയും ഉടമസ്ഥതയിലുള്ള സ്ഥലമൊഴികെയുള്ള 1.9 കിലോമീറ്റർ റോഡിന്റെ നിർമ്മാണം 2021 ൽ പൂർത്തിയായി. തങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമിയുടെ വിപണി വില എച്ച്എംടി ആവശ്യപ്പെട്ടു. ഭൂമി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ഇതിനെതിരേ എച്ച് എം ടി സമർപ്പിച്ച അപ്പീലിന്മേൽ നിശ്ചിത തുക കെട്ടിവെച്ച് ഭൂമി വിട്ടുനൽകാൻ സുപ്രീംകോടതി ഇടക്കാല ഉത്തരവിട്ടു. നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് (ആർബിഡിസികെ) തുക കെട്ടിവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകും. എച്ച് എം ടിയുടെ ഭൂമി വിട്ടുനൽകണമെന്ന് സുപ്രീംകോടതിയിൽ അപേക്ഷ നൽകിയതിനെ തുടർന്നാണ് തുക കെട്ടിവച്ച് നിർമ്മാണം നടത്താൻ ആർബിഡിസികെയ്ക്ക് അനുമതി നൽകിയത്. മന്ത്രി പി. രാജീവിന്റെ ഇടപെടലിനെ തുടർന്നാണ് റോഡ് നിർമ്മാണത്തിലുണ്ടായ തടസങ്ങൾ പരിഹരിക്കപ്പെട്ടത്.എൻഎഡിയിൽ നിന്ന് 21434 സ്ക്വയർ മീറ്റർ (529.6 സെന്റ്) ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. കഴിഞ്ഞ മാർച്ചിൽ ഭൂമി അനുവദിച്ച് ഉത്തരവായി. ഇതിന് 23, 11,41,299 രൂപയാണ് ഭൂമി വില നൽകേണ്ടത്. റോഡ് വീതികൂട്ടലിനും കോമ്പൗണ്ട് ഭിത്തി നിർമ്മിക്കുന്നതിനും കൂടി ചേർത്ത് ആകെ 32,26,93,114 രൂപയാണ് വേണ്ടത്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# രാജ്യാന്തര ചലച്ചിത്ര മേള: കേരള ഫിലിം മാർക്കറ്റിന്റെ രണ്ടാം പതിപ്പ്

**കൊച്ചി:** ഇരുപത്തൊമ്പതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും ചലച്ചിത്ര അക്കാദമിയും സംയുക്തമായി സംഘടിപ്പിക്കുന്ന കേരള ഫിലിം മാർക്കറ്റിന്റെ (കെ.എഫ്.എം 2) രണ്ടാം പതിപ്പ് എത്തുന്നു. ബി2ബി മീറ്റിങ്ങുകളും ലോകസിനിമയിലെ പ്രതിഭകൾ നയിക്കുന്ന ശിൽപ്പശാലകളും മാസ്റ്റർ ക്ലാസുകളുമാണ് കെ.എഫ്. എം2ന്റെ പ്രധാന ആകർഷണങ്ങൾ. ഡിസംബർ 11, 12, 13 തിയതികളിലായി തിരുവനന്തപുരത്താണ് പരിപാടി സംഘടിപ്പിക്കുന്നത്. സിനിമ ഏവിജിസി-എക്സ്ആർ മേഖലകളിലെ നൂതന അറിവ് ലഭ്യമാക്കുക, മലയാള സിനിമയുടെ ആഗോള വാണിജ്യസാധ്യത വർദ്ധിപ്പിക്കുക എന്നിവയാണ് മാർക്കറ്റിന്റെ ലക്ഷ്യം. കെഎഫ്എമ്മിന്റെ ആദ്യ പതിപ്പിന്റെ വിജയത്തെ തുടർന്ന് കൂടുതൽ വിപുലമായാണ് രണ്ടാം പതിപ്പ് ഒരുക്കിയിരിക്കുന്നത്. തിരുവനന്തപുരം ടാഗോർ തിയറ്റർ പരിസരം, ചിത്രാഞ്ജലി സ്റ്റുഡിയോ എന്നിവയാണ് കെഎഫ്എം2ന്റെ വേദികൾ.

കെഎഫ്എം രണ്ടാം പതിപ്പിൽ മൂന്ന് ഘടകങ്ങളാണ് പ്രധാനമായുള്ളത്. ബി2ബി മീറ്റിങ്ങ്, ശിൽപ്പശാല, മാസ്റ്റർ ക്ലാസ്. പാരീസ് ആസ്ഥാനമായുള്ള ഫിലിം സെയിൽസ് ഏജൻസിയായ ആൽഫ വയലറ്റിന്റെ സ്ഥാപക കെയ്കോ ഫുനാറ്റോ, ബാരന്റ്സ് ഫിലിംസ് എഎസിന്റെ മാനേജിംഗ് ഡയറക്ടറും നിർമാതാവുമായ ഇൻഗ്രിഡ് ലിൽ ഹോഗ്ടൻ എന്നിവരുമായി ആ2ആ മീറ്റിംഗിന് അവസരം ഉണ്ടായിരിക്കുന്നതാണ്. വിശ്വപ്രശസ്ത ഛായാഗ്രാഹക ആഗ്നസ് ഗൊഥാർദ് നേതൃത്വം നൽകുന്ന സിനിമാറ്റോഗ്രഫി ശിൽപ്പശാല, പ്രശസ്ത ഫ്രഞ്ച് സംഗീതജ്ഞ ബിയാട്രിസ് തിരെ നേതൃത്വം നൽകുന്ന പശ്ചാത്തല സംഗീത ശിൽപ്പശാല എന്നിവ കെഎഫ്എമ്മിന്റെ മുഖ്യ ആകർഷണങ്ങളാണ്.

ആഗ്നസ് ഗൊഥാർദിന്റെ സിനിമാറ്റോഗ്രാഫി മാസ്റ്റർക്ലാസ്,ബിയാട്രിസ് തിരെയുടെ പശ്ചാത്തലസംഗീത മാസ്റ്റർക്ലാസ്, ഇൻഗ്രിഡ് ലിൽ ഹോഗ്ടൻ നയിക്കുന്ന കോപ്രൊഡക്ഷനും ധനസമാഹരണവും സംബന്ധിച്ച വിഷയത്തിലെ മാസ്റ്റർ ക്ലാസ്, തിരക്കഥാകൃത്ത് ജൂലിയറ്റ് സെലസിന്റെ തിരക്കഥാരചന മാസ്റ്റർക്ലാസ്, കെ സെറാ സെറാ വിർചൽ പ്രൊഡക്ഷൻസിന്റെ സിഇഒ യൂനുസ് ബുഖാരിയുടെ വിർചൽ പ്രൊഡക്ഷൻ മാസ്റ്റർ ക്ലാസ്, പ്രശസ്ത ചലച്ചിത്ര സംയോജകൻ ശ്രീകർ പ്രസാദിന്റെ എഡിറ്റിംഗ് മാസ്റ്റർ ക്ലാസ്, അജിത് പത്മനാഭിന്റെ ഇമേഴ്സീവ് ടെക്നോളജി ഫോർ ഹെറിറ്റേജ് എന്ന വിഷയത്തിലെ മാസ്റ്റർ ക്ലാസ്, എക്സ്റ്റെന്റഡ് റിയാലിറ്റി കൺസൽറ്റന്റ് ലോയിക് ടാൻഗയുടെ ഒരു ആശയത്തിന്റെ പ്രിന്റ് മുതൽ എക്സ്റ്റെന്റഡ് റിയാലിറ്റി വരെയുള്ള ആഖ്യാനത്തെ കുറിച്ചുള്ള മാസ്റ്റർ ക്ലാസ് എന്നിവ ഉണ്ടായിരിക്കും. കെഎഫ്എം2ന്റെ ഭാഗമായ ഇൻ കോൺവർസേഷൻ സെഷനിൽ ഷാജി എൻ. കരുൺ, ഗോൾഡ സെലം, ആഗ്നസ് ഗൊഥാർദ്, ഇൻഗ്രിഡ് ലിൽ ഹോഗ്ടൻ, രവി കൊട്ടാരക്കര, അനിൽ മെഹ്ത, പൂജ ഗുപ്തെ, സുരേഷ് എറിയട്ട്, രവിശങ്കർ വെങ്കിടേശ്വരൻ, മനു പാവ, ആശിഷ് കുൽക്കർണി എന്നിവർ വഅറിവും ആശയവും പങ്കുവയ്ക്കും.

## പെൻഷൻ അദാലത്ത്

**കൊച്ചി:** 2024 ഡിസംബർ 10 ന് കൊച്ചി റീജിയണൽ പി.എഫ് കമ്മീഷണർ പെൻഷൻ അദാലത്ത് ഓൺലൈൻ മീറ്റ് വഴി മൂന്നു മുതൽ നടത്തും. പെൻഷൻ അദാലത്തിൽ ഓൺലൈൻ മീറ്റു വഴി പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ യു.എ.എൻ (ഡ അച), പി.എഫ് അക്കൗണ്ട് നമ്പർ/പി.പി.ഓ നമ്പർ, മൊബൈൽ നമ്പർ, ആധാർ നമ്പർ, ഇമെയിൽ ഐഡി, പരാതി വിശദാംശങ്ങൾ എന്നിവ സഹിതം 30/11/2024 ന് മുൻപ് അപേക്ഷ സമർപ്പിക്കണം. ഇമെയിൽ അയക്കുമ്പോൾ വിഷയത്തിൽ 'പെൻഷൻ അദാലത്ത്' എന്നു പ്രത്യേകം പരാമർശിക്കേണ്ടതാണ്.

## സൗജന്യ കൃത്രിമ കൈകാലുകൾ വിതരണ ക്യാംപ്

**കൊച്ചി:** എറണാകുളം ജൈന സമാജിന്റെ ആഭിമുഖ്യത്തിൽ ഭഗവാൻ മഹാവീർ വികലാംഗ് സഹായത സമിതി യുടെ സഹകരണത്തോടെ, സൗജന്യ കൃത്രിമ കൈകാലുകളുടെ ക്യാമ്പ് സംഘടിപ്പിക്കുന്നു.ഇന്ന് മുതൽ 28 വരെ ചിറ്റൂർ റോഡിലെ വൈഎംസിഎ ഹാളിൽ നടക്കുന്ന ക്യാമ്പ്, ചലനക്ഷമത ഉയർത്തി നൽകാനുള്ള ലക്ഷ്യത്തോടെ ഒരുക്കിയതാണ്.2.2 ദശലക്ഷത്തിലധികം ഗുണഭോക്താക്കളുള്ള വികലാംഗർക്കായുള്ള ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനമായ ബിഎംവിഎസ്എസ് എല്ലാ അവയവങ്ങളും അനുബന്ധ സഹായങ്ങളും സൗജന്യമായി നൽകുന്നു.എൻജിഒ 1എ ഗ്രേഡിംഗ് സർട്ടിഫിക്കേറ്റ് ലഭിച്ച ബിഎംവിഎസ്സിന് ഇന്ത്യയിലെ ജയ്പൂർ പാദത്തിനുള്ള ആദ്യ ഐഎസ്ഐ സർട്ടിഫിക്കറ്റും നേടിയിട്ടുണ്ട്.വികലാംഗരായ വ്യക്തികൾക്ക് ഉയർന്ന ഗുണമേന്മയുള്ള സൗജന്യ കൃത്രിമ കൈകാലുകളും സഹായ ഉപകരണങ്ങളും നൽകി അവരുടെ ശാക്തീകരണത്തിന് ബിഎംവിഎസ്എസ് നടത്തിവരുന്ന ശ്രമങ്ങളുടെ ഭാഗമാണ് ഈ ക്യാമ്പ്.




# കേരളീയരായ നിക്ഷേപകരിൽ വലിയ പ്രതീക്ഷ: മന്ത്രി പി രാജീവ്

**കൊച്ചി:** നിർമ്മിത ബുദ്ധിയടക്കമുള്ള നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ പുതിയ വിപണിയെ പ്രതിരോധിക്കാതെ അതിനെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്ന് വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. അടുത്ത വർഷം ഫെബ്രുവരിയിൽ നടക്കുന്ന ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയ്ക്ക് മുന്നോടിയായി കെഎസ്ഐഡിസി നടത്തിയ റിടെയിൽ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ മാത്രമല്ല, രാജ്യത്താകമാനം ചില്ലറവിൽപന വലിയ വെല്ലുവിളികൾ നേരിടുന്നുവെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗുകമടക്കമുള്ള നൂതനസാങ്കേതികവിദ്യയാണ് ഇന്ന് ഓൺലൈൻ ചില്ലറ വിൽപന രംഗത്തുള്ളത്. ഇത്തരത്തിൽ ടാർഗെറ്റാഡായ വിപണിയെ പ്രതിരോധിക്കുന്നത് ഇന്നത്തെ കാലത്ത് എളുപ്പമല്ല. അതിനെ ഉപയോഗപ്പെടുത്താൻ നോക്കണം. പരിമിതികളും സാധ്യതകളും തിരിച്ചറിഞ്ഞ് എത്ര മുന്നോട്ടു പോകാൻ കഴിയുമെന്നാണ് ഈ മേഖല പരിശോധിക്കേണ്ടത്. ഏറ്റവുമധികം വാങ്ങൽ ശേഷിയുള്ള വിപണിയാണ് കേരളത്തിലുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ആഗോള നിക്ഷേപ ഉച്ചകോടി നടത്തുന്നതിനു മുമ്പായി അതിൻറെ നിലമൊരുക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ നിലവിൽ ചെയ്തു കൊണ്ടിരിക്കുന്നതെന്ന് പി രാജീവ് പറഞ്ഞു. കേരളത്തിലെ സാമ്പത്തിക വ്യവസ്ഥിതിയിൽ നമ്മുടെ നാട്ടുകാരായ നിക്ഷേപകർ തന്നെയാണ് പ്രധാന സംഭാവന നൽകുന്നത്. നിക്ഷേപകർക്ക് ആത്മവിശ്വാസം വർധിപ്പിക്കാൻ വേണ്ടിയുള്ള നിയമനിർമ്മാണം, ഭേദഗതി തുടങ്ങിയവ ആദ്യപടിയായി സർക്കാർ ചെയ്തു കൊണ്ടിരിക്കുകയാണ്.

വ്യവസായലോകം സർക്കാരിൽ നിന്നെന്താണ് പ്രതീക്ഷിക്കുന്നതെന്ന് മനസിലാക്കുന്നതിനായാണ് 22 മുൻഗണനാ മേഖലകളെ ഉൾപ്പെടുത്തി സമ്മേളനങ്ങൾ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.പുതിയ വ്യവസായനയത്തെക്കുറിച്ചുള്ള വിശദമായ അവതരണം വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് നടത്തി. ചില്ലറ മേഖലകൾക്ക് സർക്കാർ നൽകുന്ന പദ്ധതികളും ഭാവി പരിപാടികളും അദ്ദേഹം വിശദീകരിച്ചു. കെഎസ്ഐഡിസി ചെയർമാൻ സി ബാലഗോപാൽ, എം ഡി എസ് ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ, കിൻഫ്ര എം ഡി സന്തോഷ് കോശി തോമസ്, തുടങ്ങിയവർ സംബന്ധിച്ചു

# സൗത്ത് ഇന്ത്യൻ ബാങ്കും ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡും ധാരണയിൽ

**കൊച്ചി:** സ്വർണ വായ്പ ബിസിനസ് മേഖലയിലെ പരസ്പര സഹകരണത്തിന് സൗത്ത് ഇന്ത്യൻ ബാങ്കും മുൻനിര ഇതര ധനകാര്യ സ്ഥാപനമായ ഫെഡ് ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡും തമ്മിൽ ധാരണയിലെത്തി. ഇതു സംബന്ധിച്ച കരാറിൽ സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി, ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡിന്റെ ചീഫ് ബിസിനസ് ഓഫീസർ ജഗദീഷ് റാവു എന്നിവർ ഒപ്പുവെച്ചു. രാജ്യമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് ലളിതമായ നടപടി ക്രമങ്ങളിലൂടെ സ്വർണ വായ്പ നൽകുകയാണ് സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഗോൾഡ് ലോൺ വിപണിയിലെ മാറിവരുന്ന പ്രവണതകൾ കൂടുതൽ നേട്ടമുണ്ടാക്കുന്ന രീതിയിൽ അവതരിപ്പിക്കുക, നഷ്ട സാധ്യത പരമാവധി കുറയ്ക്കുക, ഉപഭോക്താക്കൾക്കു നൂതന സാമ്പത്തിക പരിഹാരങ്ങൾ നൽകുക എന്നിവയിലൂടെ സ്വർണ വായ്പ രംഗത്തെ ശക്തമായ സാന്നിധ്യമാകാൻ സഹകരണത്തിലൂടെ സാധ്യമാകും.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിശ്വാസയോഗ്യമായ സ്വർണ വായ്പ സേവനങ്ങൾ വളരെ വേഗത്തിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡുമായുള്ള സഹകരണത്തിലൂടെ സാധ്യമാകുമെന്ന് ബാങ്ക് സിജിഎമ്മും റീട്ടെയിൽ അസ്സെറ്റ്സ് വിഭാഗം ഹെഡുമായ സഞ്ജയ് സിൻഹ പറഞ്ഞു.

സ്വർണ വായ്പാ ബിസിനസ് മേഖലയിൽ സൗത്ത് ഇന്ത്യൻ ബാങ്കിനോടൊപ്പം ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് ചീഫ് ബിസിനസ് ഓഫീസർ ജഗദീഷ് റാവു പറഞ്ഞു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിശ്വസ്തവും വിശാലവുമായ ഉപഭോക്തൃ സേവന മികവിനോടൊപ്പം ഫെഡ്ബാങ്ക് ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡിന്റെ വിദഗ്ധതയും ഒന്നിപ്പിച്ച്, ഉപഭോക്താക്കൾക്ക് മികച്ച ഗോൾഡ് ലോൺ സേവനം നൽകുകയാണ് പരസ്പര സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫിഷറീസ് ഉദ്യോഗസ്ഥർക്ക് സിഎംഎഫ്ആർഐയുടെ പരിശീലനം

**കൊച്ചി:** ബംഗാൾ ഉൾക്കടൽ മേഖലയിലെ രാജ്യങ്ങളിൽ നിന്നുള്ള ഫിഷറീസ് ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പരിശീലനം നൽകി. ഉത്തരവാദിത്ത മത്സ്യബന്ധനം, പ്രകൃതി സൗഹൃ ഫിഷറീസ് മാനേജ്മെന്റ് എന്നിവയിലായിരുന്നു പരിശീലനം. ഇന്ത്യക്ക് പുറമെ, തായ്ലൻഡ്, ശ്രീലങ്ക, ബംഗ്ലാദേശ്, മാലിദ്വീപ് എന്നീ രാജ്യങ്ങളിലെ പ്രതിനിധികളാണ് പങ്കെടുത്തത്.ഇന്ത്യയുടെ സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട് നടക്കുന്ന ശാസ്ത്രീയ വിവര ശേഖരണ രീതികൾ, ഉത്തരവാദിത്ത മത്സ്യബന്ധനരീതികൾ, മാരികൾച്ചർ, ജനിതകപഠനങ്ങൾ, നയരൂപീകരണം എന്നീ വിഷയങ്ങളിൽ സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ ക്ലാസുകൾ നയിച്ചു.ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ (ബിഒബിപിഐജിഒ) ഡയറക്ടർ ഡോ പി കൃഷ്ണൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ഡോ ഇ വിവേകാനന്ദൻ, ഡോ ജെ ജയശങ്കർ, ഡോ വി വി ആർ സുരേഷ്, ഡോ സി രാമചന്ദ്രൻ, ഡോ സന്ധ്യ സുകുമാരൻ, ഡോ ജീന എൻ എസ് എന്നിവർ സംസാരിച്ചു.

# പഞ്ചാബ് നാഷണൽ ബാങ്ക് പിസിഎഎഫ് ൽ ഒപ്പു വച്ചു

**ന്യൂഡൽഹി:** കാലാവസ്ഥാ ഉത്തരവാദിത്തത്തോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തിക്കൊണ്ട് മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) കാർബൺ അക്കൗണ്ടിംഗ് ഫിനാൻഷ്യൽസിനായുള്ള ആഗോള പങ്കാളിത്തമായ പാർട്ണർഷിപ് ഫോർ കാർബൺ അക്കൗണ്ടിംഗ് ഫൈനാൻഷ്യൽസ് ൽ (പിസിഎഎഫ്) ഒപ്പുവെച്ചു.

202324 സാമ്പത്തിക വർഷത്തിൽ, ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു രീതിശാസ്ത്രമായ പിസിഎഎഫ് സ്റ്റാൻഡേർഡ് ഉപയോഗിച്ച് ബിസിനസ് റെസ്പോൺസിബിലിറ്റി ആൻഡ് സസ്റ്റൈനബിലിറ്റി റിപ്പോർട്ടിൽ (ബിആർഎസ്ആർ) പിഎൻബി തങ്ങളുടെ സാമ്പത്തിക ഉദ്‌വമനം വെളിപ്പെടുത്തിയിരുന്നു .

പിസിഎഎഫിൽ ചേരാനുള്ള ബാങ്കിന്റെ തീരുമാനം കാലാവസ്ഥാ സംബന്ധിയായ സാമ്പത്തിക അപകടസാധ്യത വെളിപ്പെടുത്തലുകളെക്കുറിച്ചുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡ്രാഫ്റ്റ് ചട്ടക്കൂടുമായി യോജിക്കുന്നു. ഇത് കാലാവസ്ഥയുമായി ബന്ധപ്പെട്ട സാമ്പത്തിക അപകടസാധ്യതകൾക്കും അവസരങ്ങൾക്കുമുള്ള ഭരണം, തന്ത്രം, റിസ്ക് മാനേജ്മെന്റ് എന്നിവയെക്കുറിച്ച് ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുന്നു.

പിസിഎഎഫ് ഒപ്പു വച്ചതിലൂടെ , ശക്തമായ ജിഎച്ച്ജി അക്കൗണ്ടിംഗ് സമ്പ്രദായങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ പ്രതിജ്ഞാബദ്ധമായ ധനകാര്യ സ്ഥാപനങ്ങളുടെ ഒരു അന്താരാഷ്ട്ര ശൃംഖലയി ലേക്ക് പിഎൻബി യും ചേരുകയാണ് . ഈ അസോസിയേഷൻ പിഎൻബി ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ, പരിശീലനം, ഇന്ത്യയ്ക്ക് അനുയോജ്യമായ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടെയുള്ള എമിഷൻ ഡാറ്റ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം ജി എച് ജി അക്കൌണ്ടിംഗ് സ്റ്റാൻഡേർഡുകൾ പരിഷ്കരിക്കുന്നതിനും വർക്ക്ഷോപ്പുകളിലൂടെയും വെബിനാറുകളിലൂടെയും പിയർടുപിയർ പരിപാടികളിൽ നിന്നും പ്രയോജനം നേടുന്നതിനും ബാങ്ക് ആഗോള വർക്കിംഗ് ഗ്രൂപ്പുകളിൽ സജീവമായി ഏർപ്പെടും.

# ടൈംസ് ഹയർ എഡ്യൂക്കേഷൻ ഇൻറർ ഡിസിപ്ലിനറി സയൻസ് റാങ്കിംഗ് 2025: രാജ്യത്ത് 27ാം സ്ഥാനം നേടി കുസാറ്റ്

**കൊച്ചി:** 92 രാജ്യങ്ങളിലെ 749 സർവകലാശാലകളെ ഉൾപ്പെടുത്തിയുള്ള പ്രഥമ ടൈംസ് ഹയർ എജ്യുക്കേഷൻ ഇന്റർ ഡിസിപ്ലിനറി സയൻസ് റാങ്കിംഗിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്കാ ദേശീയതലത്തിൽ 27ാം സ്ഥാനം.

ആഗോളറാങ്കിംഗിൽ 350 400 ബാൻഡിൽ ഉൾപ്പെടുന്ന കുസാറ്റ് റാങ്കിംഗ് പട്ടികയിൽ കേരളത്തിൽ നിന്നുള്ള ഏക സ്ഥാപനമാണ്.

ലോകത്താകമാനമുള്ള സർവ്വകലാശാലകളുടെ ഇന്റർ ഡിസിപ്ലിനറി സയൻസിനോടുള്ള പ്രതിബദ്ധതയും അതിലേക്കുള്ള സംഭാവനകളും കണക്കിലെടുത്ത് പുറത്തിറക്കുന്ന ടൈംസ് ഇന്റർ ഡിസിപ്ലിനറി സയൻസ് റാങ്കിംഗ് പട്ടിക വിവിധ മേഖലകളിലെ സർവകലാശാലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ഫണ്ടിംഗ്, മികവുകൾ, അടിസ്ഥാനസൗകര്യങ്ങൾ, ഭരണപരമായ പിന്തുണ, പ്രസിദ്ധീകരണങ്ങൾ, ഗവേഷണ നിലവാരം തുടങ്ങിയ പതിനൊന്ന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്കിംഗ് നിശ്ചയിക്കുന്നത്.

# ബോധവത്കരണവുമായി ഓറഞ്ച് ദ വേൾഡ് കാമ്പയിൻ

**കൊച്ചി:** സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിൽ വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓറഞ്ച് ദ വേൾഡ് കാമ്പയിൻ ബോധവത്കരണ റാലി സംഘടിപ്പിച്ചു. സിവിൽ സ്റ്റേഷനിൽ പരേഡ് ഗ്രൗണ്ടിൽ നിന്നാരംഭിച്ച റാലി ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ് ഫ്ളാഗ് ഓഫ് ചെയ്തു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരേ ഓരോരുത്തരും പ്രതിജ്ഞയെടുക്കേണ്ട ദിനമാണിതെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ചിന്തയിൽ പോലും സ്ത്രീകളെ ഉപദ്രവിക്കുന്നതിനെ പിന്തുണയ്ക്കരുത്. ഈ ദിനം മാത്രമല്ല ഒരു ദിനവും സ്ത്രീകൾ ആക്രമിക്കപ്പെടരുതെന്നും അദ്ദേഹം പറഞ്ഞു. ഓറഞ്ച് ദ വേൾഡ് കാമ്പയിന്റെ ഭാഗമായുള്ള സിഗ്നേച്ചർ കാമ്പയിനിലും ജില്ലാ കളക്ടർ പങ്കെടുത്തു. എപ്പോഴും, എല്ലായിടത്തും സുരക്ഷ എന്നതാണ് ഈ വർഷത്തെ സന്ദേശം.

റാലിക്ക് മുന്നോടിയായി ജില്ലയിലെ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ അവതരിപ്പിച്ച ഫ്ളാഷ് മോബും നടന്നു. സ്ത്രീകൾക്കും പെൺകുട്ടികൾ ക്കുമെതിരായ അതിക്രമം തടയുക, ബാലവിവാഹം തടയുക തുടങ്ങിയ പ്ലക്കാർഡുകളേന്തിയ വനിതകൾ റാലിയിൽ അണിനിരന്നു. സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ തരത്തിലുള്ള അതിക്രമങ്ങളും ലിംഗ വിവേചനവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡിസംബർ 10 വരെ 16 ദിവസം സംഘടിപ്പിക്കുന്നത്.

# ഐടെൽ ഐക്കൺ 3 സ്മാർട്ട്‌വാച്ച് വിപണിയിൽ




**കൊച്ചി:** ഫിറ്റ്നെസ്ഫാഷൻ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് ഐടെൽ, പ്രീമിയം സ്മാർട്ട് വാച്ച് ഐക്കൺ 3 പുറത്തിക്കുന്നു. കനംകുറഞ്ഞ ഘടനയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന ഫീച്ചറുകളും ഉൾക്കൊള്ളുന്ന ഈ സ്മാർട്ട് വാച്ച് ഉദ്ഘാടന ഓഫറിന്റെ ഭാഗമായി 70 ശതമാനം വിലക്കുറവിൽ, 1699 രൂപയ്ക്ക് പരിമിതകാലത്തേക്ക് ലഭ്യമാണെന്ന് കമ്പനി അധികൃതർ പറഞ്ഞു. ആമസോൺ,ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും മറ്റ് ഓഫ്ലൈൻ പ്ലാറ്റ്ഫോമുകളിലും ഐക്കൺ 3 ലഭ്യമാണ്. ഫീച്ചർ ഫോണുകൾ, സ്മാർട്ട്ഫോണുകൾ, ടിവി, ആക്സസറികൾ, ഇലക്ട്രോണിക്സ്, സ്പീക്കറുകൾ, ഗൃഹോപകരണങ്ങൾ എന്നിവയും ഐടെൽ നിർമ്മിക്കുന്നുണ്ട്. 2021 ൽ 75 ഡോളറിൽ താഴെയുള്ള ആഗോള സ്മാർട്ട്ഫോൺ ബ്രാൻഡായും ഏറ്റവും മികച്ച ഫീച്ചർ ഫോൺ ബ്രാൻഡായും കമ്പനിയെ തിരഞ്ഞെടുത്തിട്ടുണ്ട്.വലിയ 2.01 ഇഞ്ച് അമോലെഡ് ഡിസ്പ്ലേയും ആകർഷകമായ ഓൾവേസ്ഓൺ ഡിസ്!പ്ലേ സവിശേഷതയുമുള്ള ഐക്കൺ 3. അത്യാധുനിക സാങ്കേതികവിദ്യയെ കനംകുറഞ്ഞതും സ്റ്റൈലിഷുമായ ഡിസൈനുമായി സംയോജിപ്പിക്കുന്നു. ഇഷ്ടാനുസൃതമാക്കാവുന്ന 150ലധികം വാച്ച് ഫെയ്സുകൾ, സിംഗിൾ ചിപ്പ് ബ്ലൂടൂത്ത് കോളിംഗ്, മെനു ആക്സസ് ചെയ്യുന്നതിനുള്ള റൊട്ടേറ്റബിൾ ക്രൗൺ, പവർ ബട്ടണായി സൈഡ് കീ എന്നിവ ഉൾക്കൊള്ളുന്നതാണ് ഐടെല്ലിന്റെ പുതിയ സ്മാർട്ട് വാച്ച്. 'മികച്ച ജീവിതം ആസ്വദിക്കുക' എന്ന ബ്രാൻഡ് ഫിലോസഫിയുടെ ഭാഗമായി എല്ലാവർക്കും ബജറ്റ് സൗഹൃദ ഉപഭോക്തൃ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ നൽകുക എന്നതാണ് ഐടെലിന്റെ ലക്ഷ്യമെന്ന് കമ്പനി പറയുന്നു.

## ഹോണ്ട റോഡ് സുരക്ഷ ബോധവൽക്കരണ കാമ്പയിൻ നടത്തി

**കൊല്ലം:** റോഡ് സുരക്ഷ പ്രതിബദ്ധതയുടെ ഭാഗമായി ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) കൊല്ലത്ത് റോഡ് സുരക്ഷ ബോധവൽക്കരണ കാമ്പയിൻ നടത്തി. പിഎം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ നടത്തിയ ബോധവത്ക്കരണ കാമ്പയിനിൽ 2200ലേറെ വിദ്യാർഥികളും ജീവനക്കാരും പങ്കെടുത്തു.

സേഫ്റ്റി റൈഡിങ് തിയറി സെഷൻ, റോഡ് സുരക്ഷ പ്രശ്നോത്തരി, ഹെൽമെറ്റ് ബോധവത്ക്കരണം, റൈഡിങ് പരിശീലന സെഷൻ തുടങ്ങി എച്ച്എംഎസ്ഐയുടെ വിവിധ റോഡ് സുരക്ഷ പഠനപരിപാടികൾ ഉപയോഗിച്ച് നടത്തിയ കാമ്പയിന് കമ്പനിയുടെ റോഡ് സുരക്ഷ പരിശീലകർ നേതൃത്വം നൽകി. മുതിർന്നവർക്കും കുട്ടികൾക്കുമായി കേരളത്തിൽ ഇതുവരെ 3 ലക്ഷം പേർക്ക് റോഡ് സുരക്ഷ വിദ്യാഭ്യാസം നൽകിയതായി എച്ച്എംഎസ്ഐ അറിയിച്ചു.

## കൊട്ടക് മ്യൂച്വൽ ഫണ്ടിന്റെ ട്രാൻസ്പോർട്ടേഷൻ ആൻഡ് ലോജിസ്റ്റിക്സ് ഫണ്ട് എൻഎഫ്ഒ

**കൊച്ചി:** കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ (കെഎംഎഎംസി) കീഴിലുള്ള കൊട്ടക് മ്യൂച്വൽ ഫണ്ടിന്റെ കൊട്ടക് ട്രാൻസ്പോർട്ടേഷൻ ആൻഡ് ലോജിസ്റ്റിക്സ് ഫണ്ട് എൻഎഫ്ഒ ആരംഭിച്ചു. എൻഎഫ്ഒയിൽ അപേക്ഷിക്കാനുള്ള അവസാന തീയത് 2024 ഡിസംബർ 9. ചുരുങ്ങിയ നിക്ഷേപത്തുക 100 രൂപ. തുടർന്ന് എത്ര തുകയും നിക്ഷേപിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഠഠഠ.സീമേസാള.രീാഗതാഗതവും ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ട വ്യവസായങ്ങളിൽ നിക്ഷേപിക്കുന്ന ഓപ്പൺഎൻഡഡ് ഇക്വിറ്റി സ്കീമായ ഇത് ദീർഘകാല മൂലധന വളർച്ചയാണ് ലക്ഷ്യമിടുന്നത്. ഗതാഗത മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതമേഖലയെ പിന്തുണയ്ക്കുന്ന ഫിനാൻസ് കമ്പനികൾ, ലോജിസ്റ്റിക്സ് സേവനങ്ങൾ നൽകുന്നവ എന്നിവയിലും നിക്ഷേപിക്കുമെന്ന് കെഎംഎഎംസി ഇക്വിറ്റി ആൻഡ് മ്യൂച്വൽ ഫണ്ട് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ഹർഷ ഉപാധ്യായ പറഞ്ഞു.

## കേരളത്തിലെ ആദ്യ സ്നീക്കർ ഫെസ്റ്റ് ഫോറം മാളിൽ

**കൊച്ചി:** കേരളത്തിൽ ആദ്യമായി സ്നീക്കർ ഫെസ്റ്റിവൽ ഒരുക്കി ഫോറം കൊച്ചി. നവംബർ 26 മുതൽ ഡിസംബർ 8 വരെ നടക്കുന്ന സ്നീക്കർ ഫെസ്റ്റിൽ പ്രമുഖ ബ്രാൻഡുകളുടെ ഏറ്റവും പുതിയ മോഡലുകൾ അണിനിരത്തും. സ്നീക്കറുകൾ വിൽക്കാനും വാങ്ങാനും ഇഷ്ടാനുസരണം ടാറ്റൂ ചെയ്യാനും ഫെസ്റ്റിൽ സൗകര്യമുണ്ടാകും. നവംബർ 30ന് ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് ലൈവ് പെർഫോമൻസിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടാൻ അവസരം ലഭിക്കും. ഡിസംബർ ഒന്നിന് വൈകീട്ട് ഏഴ് മണിക്ക് ലൈവ് സ്നീക്കർ ലേലം നടക്കും. 6 മണി മുതൽ ഇമ്പാച്ചിയുടെയും ഇന്ദുലേഖ വാര്യരുടെയും റാപ്പ്. ഡിസംബർ 2ന് ആദ്യ 15 പേർക്ക് സ്നീക്കർ എക്സ്ചേഞ്ചിന് സൗകര്യമുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 7593067639 എന്ന നമ്പറിൽ ബന്ധപ്പെടണം.

# ടാറ്റാ ട്രാൻസ്ഫർമേഷൻ പ്രൈസ് വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** വിവിധ മേഖലകളിലെ വികസനത്തിനായി നവീന സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും വൻ മാറ്റങ്ങൾക്കു തിരികൊളുത്തുകയും ചെയ്യുന്നവർക്കായുള്ള ടാറ്റാ ട്രാൻസ്ഫർമേഷൻ പ്രൈസിൻറെ വിജയികളെ പ്രഖ്യാപിച്ചു. ടാറ്റാ സൺസ്, ന്യൂയോർക്ക് അക്കാദമി ഓഫ് സയൻസസ് എന്നിവർ ചേർന്നാണ് വിജയികളെ പ്രഖ്യാപിച്ചത്.ഭക്ഷ്യ സുരക്ഷ, സുസ്ഥിരത, ആരോഗ്യ സേവനങ്ങൾ തുടങ്ങിയ മേഖലകളിലെ വെല്ലുവിളികൾ നേരിടാൻ നിർണായക സംഭാവനകൾ നൽകിയവരെയാണ് ടാറ്റാ ട്രാൻസ്ഫർമേഷൻ പ്രൈസിനായി തെരഞ്ഞെടുത്തത്. 18 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 169 പേരിൽ നിന്നാണ് മൂന്ന് ശാസ്ത്രജ്ഞരെ വിജയികളായി തിരഞ്ഞെടുത്തത്. ഓരോ വിജയിക്കും 2 കോടി രൂപ (ഏകദേശം 240,000 യുഎസ് ഡോളർ) സമ്മാനമായി ലഭിക്കും, 2024 ഡിസംബറിൽ മുംബൈയിൽ നടക്കുന്ന ചടങ്ങിൽ വിജയികളെ ആദരിക്കും.ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർഡിസിപ്ലിനറി സയൻസ് ആൻറ് ടെക്നോളജിയിലെ സി അനന്തരാമകൃഷ്ണൻ, സുസ്ഥിരതാ വിഭാഗത്തിൽ ബോംബെ ഐഐടിയിലെ അമർത്യ മുഖോപാധ്യായ, ആരോഗ്യ സേവന വിഭാഗത്തിൽ ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ രാഘവൻ വരദരാജൻ, എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# ബാഫ്റ്റ ബ്രേക്ക്ത്രൂ 2024: പ്രതിഭകളെ പ്രഖ്യാപിച്ചു

**കൊച്ചി:** ബ്രിട്ടീഷ് അക്കാദമി ഓഫ് ഫിലിം ആൻഡ് ടെലിവിഷൻ (ബാഫ്റ്റ) സിനിമ, ടെലിവിഷൻ, ഗെയിം മേഖലകളിൽ നിന്നുള്ള പ്രതിഭകളെ പ്രഖ്യാപിച്ചു. നെറ്റ്ഫ്ളിക്സ് പിന്തുണയുള്ള ബാഫ്റ്റ ബ്രേക്ക്ത്രൂ 2024ൽ യുകെ, യുഎസ്എ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള 43 പ്രതിഭകളാണുള്ളത്. ഇതിൽ 9 പേർ ഇന്ത്യയിൽ നിന്നുള്ളവരാണ്. അഭിനവ് ചെരാക്കവാടിയ, ക്രിസ്റ്റോ ടോമി, ദീപാ ഭാട്ടിയ, ധിമൻ കർമകർ, ജയ്ദീപ് സർക്കാർ, മോനിഷാ ത്യാഗരാജൻ, നീരജ് കുമാർ, സിന്ധു ശ്രീനിവാസ മൂർത്തി, വരുൺ ഗ്രോവർ എന്നിവരാണ് ഇന്ത്യയിൽ നിന്നുള്ള പ്രതിഭകൾ.

